# അധ്യായം 2
# അരയർ - ചരിത്രത്തിൽ

**2.0. ആമുഖം**

പരമ്പരാഗതമായി മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരാണ് അരയർ. ഇവർ കേരളത്തിലെ 'ധീവരർ' എന്ന പിന്നോക്ക ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. നുളയൻ, വാലൻ, മുക്കുവൻ, മുകയൻ, അരയവാത്തി തുടങ്ങിയ ജാതിക്കൂട്ടായ്മകളും സമാനാവസ്ഥ പങ്കിടുന്നവരാണ്. പ്രാന്തവൽക്കരണത്തിന് വിധേയരായ അരയരെ ചരിത്രത്തിൽ നിന്നും കണ്ടെടുക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. കൃതികളിൽ നിന്നും ലഭിക്കുന്ന കാഴ്ചകളിലൂടെ അരയജനതയെ ചരിത്രം എപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു എന്നന്വേഷിക്കുന്നു. സംഘകാലകൃതികളിലെ സൂചനകൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ഭരണസൗകര്യാർത്ഥം രചിച്ചിട്ടുള്ള മാന്വലുകൾ, ഗസെറ്റിയറുകൾ, ചരിത്രകൃതികൾ എന്നിവയാണ് ഈ അന്വേഷണത്തിന് സഹായകമായി വർത്തിക്കുന്നത്.

അരയൻ എന്ന പദം മൂന്നുരീതിയിൽ ചരിത്രകൃതികളിൽ വ്യവഹരിച്ചു കാണുന്നുണ്ട്. ഒന്ന് ജാതിക്കൂട്ടായ്മ എന്ന നിലയിൽ. മറ്റൊന്ന് മരയ്ക്കാൻ, മുക്കുവൻ, വാലൻ തുടങ്ങിയ കൂട്ടായ്മകളുടെ സ്ഥാനി/അധികാരി എന്ന രീതിയിൽ. മൂന്നാമതായി ഹിന്ദുമതവിശ്വാസികളായ മത്സ്യബന്ധകർ എന്ന നിലയിൽ. അതായത് അരയൻ, വാലൻ, മുക്കുവൻ, നുളയൻ തുടങ്ങിയ സമാന ജാതിക്കൂട്ടായ്മകളെ ഒന്നിച്ച് ചേർത്ത് അരയർ എന്ന് പ്രയോഗിച്ച് കാണുന്നുണ്ട്. അതിനാൽ മറ്റു ധീവരവിഭാഗങ്ങളെ മാറ്റി നിർത്തി അരയരെ ചരിത്രത്തിൽ നിന്ന് കണ്ടെടുക്കുക എളുപ്പമല്ല. കേരളത്തിന്റെ വിവിധയിടങ്ങളിലായി സ്ഥിതിചെയ്യുന്ന ധീവരജാതികൾ ജീവിതശൈലിയിൽ ചില സമാനതകൾ പുലർത്തിയിരുന്നുവെങ്കിലും നവോത്ഥാന കാലം വരെയും ഏറെക്കുറെ ഒറ്റതിരിഞ്ഞാണ് കഴിഞ്ഞത്. അരയക്കൂട്ടായ്മയെക്കുറിച്ചുള്ള ചരിത്രാന്വേഷണം സമാനജാതികളുടെ ചരിത്രം കൂടിയായി മാറുന്നു.

## 2.1. അരയർ - പദോൽപ്പത്തി

*അമരകോശം* എന്ന സംസ്കൃത ഗ്രന്ഥത്തിൽ മീൻപിടിച്ചു ജീവിക്കുന്ന സമൂഹങ്ങളെ പരാമർശിക്കാൻ കൈവർത്തൻ, ദാശൻ, ധീവരൻ എന്നീ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. കേവർത്തങ്ങളെ ഹിംസിക്കുന്നവൻ കൈവർത്തനും മീനിനെ ദംശിക്കുന്നവൻ ദാശനും ധീകൊണ്ടു മത്സ്യം പിടിക്കുന്നവൻ ധീവരനുമാകുന്നു(പരമേശ്വരൻ മൂസ്സദ്, 2001 : 220). സംഘകാലകൃതികളിൽ മീനവർ, പരതവർ എന്നീ നെയ്തൽതിണവാസികളെക്കുറിച്ചു പറയുന്നുണ്ട്.[1] മത്സ്യബന്ധനം തൊഴിലാക്കിയ ധീവരവിഭാഗങ്ങൾ ഇന്ത്യയിൽ പലയിടങ്ങളിലും നാടുവാഴികളായിരുന്നു എന്ന് ചരിത്രത്തിൽ കാണുന്നുണ്ട്. അരയൻ പദത്തിന് അരചൻ - രാജാവ് എന്ന അർത്ഥമാണ് *ഗുണ്ടർട്ട് നിഘണ്ടുവും* (ഗുണ്ടർട്ട്, 1999 : 48), *ശബ്ദതാരാവലി*യും (പദ്മനാഭപിള്ള, 1998 : 193) നൽകുന്നത്. നാടുവാഴി എന്നർത്ഥമുള്ള അരശൻ എന്ന ദ്രാവിഡ പദത്തിന്റെ മറ്റൊരു രൂപമാണ് അരയൻ (ജോർജ്ജ്, 1994 : 157).

## 2.2. അരയർ - ഭാരതചരിത്രത്തിൽ

സൈന്ധവസംസ്കാരത്തോട് ബന്ധപ്പെടുത്തി അരയരുടെ ഉൽപ്പത്തി കേരളചരിത്രത്തിൽ ചർച്ച ചെയ്യുന്നുണ്ട്. സിന്ധുനദീതട സംസ്കാരത്തോളം (3000 - 1500 ബി.സി.) പഴക്കമുള്ളതാണ് അരയരുടെ ചരിത്രമെന്ന് വിശ്വസിക്കുന്നതായി പറഞ്ഞുകാണുന്നു.

> "സിന്ധുതാഴ്വരപ്രദേശങ്ങളിൽ താമസമാക്കിയവരിൽ പ്രമുഖരും പ്രബലരും സിന്ധുതീര സംസ്കാരത്തെ പോഷിപ്പിക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിരുന്നവരും മീനർ (Minas) അഥവാ മീനവർ(Minavas), പരവൻമാർ (Paravas) അഥവാ പരതവർ (Parathavar) എന്നീ വിഭാഗക്കാരായിരുന്നുവെന്ന് മോഹൻജോദാരോവിൽ നിന്നും ലഭിച്ചിട്ടുള്ള ലിഖിതങ്ങൾ (ചിത്രരേഖകൾ) തെളിയിക്കുന്നു. മുക്കുവരും അരയന്മാരും സഗോത്രജരായ മറ്റു പല അനന്തര വിഭാഗങ്ങളും മീനവ - പരതവ വർഗ്ഗക്കാരുടെ പിൻഗാമികളാണെന്ന് വിശ്വസിക്കപ്പെടുന്നു" (വിശാലാക്ഷി, 1973 : 992).

സിന്ധു എന്ന് വിളിച്ചിരുന്ന അന്നത്തെ ഇന്ത്യയിൽ മീനാട്, പരവനാട്, മരം കൊത്തിനാട്, ഏൾനാട് എന്നിങ്ങനെ നാലു നാടുകൾ ഉണ്ടായിരുന്നുവെന്നും ഇതിൽ ആദ്യ രണ്ടു നാടുകളിലെയും ജനങ്ങളുടെ മുഖ്യതൊഴിൽ മത്സ്യബന്ധനം, സമുദ്രാന്ത രീയവ്യാപാരം എന്നിവയും അവരുടെ രാജ്യത്തിന്റെ കൊടികൾ മത്സ്യരൂപം ആലേ ഖനം ചെയ്തവയും ആയിരുന്നുവെന്നും കേരളചരിത്രത്തിൽ പറഞ്ഞുകാണുന്നു (വിശാലാക്ഷി, 1973 : 992).

അരയർക്ക് മീനർ, പരവർ  എന്നിവരോട് ഉണ്ടെന്നു പറയപ്പെടുന്ന ഈ പൂർവ്വ കാലബന്ധം ശാസ്ത്രീയമായി  തെളിയിക്കപ്പെട്ടിട്ടില്ല.  മീൻ, കടൽ എന്നിവയോട് ചേർന്നു നിൽക്കുന്നവയാണ് മീനർ, പരവർ എന്നീ പദങ്ങൾ. എക്കാലത്തും മീൻപിടിച്ചു ജീവി ച്ചുപോന്ന  കൂട്ടായ്മകൾ കാലത്തിനും ദേശത്തിനും അനുസൃതമായി വ്യത്യസ്തമായ പേരുകളിലാണ് അറിയപ്പെടുന്നത്. ഇത്തരത്തിൽ നോക്കിയാൽ സൈന്ധവസംസ്കാര ത്തോടുള്ള അരയരുടെ ബന്ധം യുക്തിസഹമാണെന്നു കാണാം.

ബി.സി. 500 ന് മുൻപ് ആര്യാധിനിവേശം ഉണ്ടാകുന്നതിനു മുമ്പുതന്നെ അര യർ, വാലർ, പരവർ തുടങ്ങിയ ദ്രാവിഡ വർഗ്ഗങ്ങൾ ഭാരതത്തിലെങ്ങും വാസമുറപ്പിച്ച തായി പറഞ്ഞുവരുന്നു.

> " പശ്ചിമേഷ്യയിൽ നിന്ന് പേർഷ്യ, അഫ്ഗാനിസ്ഥാൻ വഴി ഭാരത ത്തിൽ കുടിയേറിപാർത്ത ദ്രാവിഡർ ആര്യന്മാർ സിന്ധുനിദീതീര ങ്ങളിൽ പ്രവേശിക്കുന്നതിനു സഹസ്രാബ്ദം മുമ്പു തന്നെ ഭാരത മാകെ വ്യാപിച്ചു കഴിഞ്ഞിരുന്നു. ശ്രീലങ്കയിലെ സിംഹളരുടെ ആദി പൂർവ്വികനും ഉത്തരേന്ത്യയിലെ സിംഹപുരത്തുകാരനുമായ വിജയൻ എന്ന രാജകുമാരനും അനുയായികളും ബി.സി. 500 ന് അടുപ്പിച്ച് ശ്രീലങ്കയിൽ കുടിയേറുന്നതുവരെ ദക്ഷിണേന്ത്യയിൽ ആര്യസംസ്കാ രസങ്കരം സംഭവിച്ചിരുന്നില്ല. അന്ന് ശ്രീലങ്കയിലെ ആദിവാസികളായി ചരിത്രം പറയുന്ന യക്ഷരും കരയരും മറ്റും ആര്യന്മാരുടെ രക്തം കലരാത്ത ദ്രാവിഡ വർഗ്ഗമായിരുന്നു. ഇവരിൽപ്പെട്ട പല അവാന്തര വിഭാഗങ്ങളും അന്ന് ദക്ഷിണേന്ത്യയിൽ നിവസിക്കുന്നുണ്ടായിരുന്നു. അഞ്ചുവക കമ്മാളർ, നാടാർ, പള്ളികൾ, പരവർ (പരതവർ), അര യർ, വാലർ, ചാന്നാർ, ഈഴവർ, കുറവർ, പാണർ, വണ്ണാർ, വേടർ,

കാണിക്കാർ, തോടർ എന്നിവർ ഈ ഇനത്തിൽപ്പെടുന്നു" (നാരായണൻകുട്ടി, 2003 : 3).

അരയർ ദ്രാവിഡ ഗോത്രജരാണെന്ന സൂചനയാണ് ഈ ഉദ്ധരണി നൽകുന്നത്.

ഇന്ത്യയിലെ വിവിധയിടങ്ങളിൽ കാണുന്ന മത്സ്യബന്ധന ജനവിഭാഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന കൃതിയാണ് *ധീവരചരിത്രാവലോകനം* (കേശവൻ, 1990). കർണ്ണാടകതീരത്ത് മത്സ്യബന്ധനത്തിലും നാവികവൃത്തിയിലും ഏർപ്പെട്ടിരുന്ന ജനവിഭാഗങ്ങൾ അംബികർ, ഭോയിമാർ, ഗാബിറ്റ്, ഖർവികൾ, പാഗികൾ, ഹരകൺട്രന്മാർ, മൊഗയർ, കുബ്ബേരർ മുതലായവരാണ്. അംബികർ കടലിൽ നിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മീൻപിടിച്ചു ജീവിക്കുന്നു. എന്നാൽ ഭോയിമാർ മത്സ്യബന്ധനത്തിനു പുറമേ മഞ്ചൽ ചുമക്കൽ, കൃഷിപ്പണി എന്നിവയിലും ഏർപ്പെട്ടിരുന്നു. ഗാബിറ്റ്, ഖർവികർ, പാഗികൾ എന്നിവർ അന്യദേശങ്ങളിൽ നിന്നും കുടിയേറിയ മീൻപിടുത്തക്കാരാണ്. ഹരകൺട്രർമാർ മത്സ്യബന്ധനത്തോടൊപ്പം കയർ നിർമ്മാണവും ഉപതൊഴിലായി സ്വീകരിച്ചിരുന്നു. മീൻപിടിക്കുന്നതിൽ സമർത്ഥരായ മൊഗയർ ചില സ്ഥലങ്ങളിൽ ബ്രാഹ്മണരെപ്പോലെ വസ്ത്രധാരണം നടത്തുകയും പൂണൂലിടുകയും ചെയ്യുന്നു. അവർ സാമാന്യ വിദ്യാഭ്യാസം നേടിയവരും മറ്റു വർഗ്ഗക്കാരെക്കാൾ ശുചിത്വബോധം പുലർത്തുന്നവരുമാണ്. ഭോയിവർഗ്ഗത്തിൽ നിന്ന് ഭ്രഷ്ടരാക്കപ്പെട്ട കുബ്ബേരർ മത്സ്യബന്ധനത്തിനു പുറമെ കൃഷിയിലും ചെറുകിടവ്യാപാരങ്ങളിലും ഏർപ്പെടുന്നു.

മഹാരാഷ്ട്രതീരത്തുള്ള (കൊങ്കണതീരം) മീൻപിടുത്തക്കാരിൽ പ്രധാനികൾ കോളികളാണ്. അവരെക്കൂടാതെ ഗാബിറ്റുകൾ, ഖർവികൾ, ഭോയിമാർ എന്നിവരും ഉണ്ട്. കോളികൾ നിഷാദവംശജരാണെന്ന് വിശ്വസിക്കുന്നു.

" പുരാതനകാലത്ത് ഈ പ്രദേശങ്ങളിലെ അധിപന്മാർ അവരായിരുന്നു. സിന്ധുനദീതടത്തിൽ മോഹൻജൊദാരോയിലും മറ്റും പരിഷ്കൃതരീതിയിൽ ജീവിച്ചിരുന്ന ജനങ്ങൾ പ്രതികൂല സാഹചര്യങ്ങളാൽ നാടുവിടേണ്ടി വന്നപ്പോൾ അവരിൽ പ്രമുഖരായിരുന്ന കോളികൾ ഗുജറാത്തിലും കൊങ്കണതീരത്തിലും എത്തി. മറ്റൊരു വിഭാഗമായ പരവർ കടൽമാർഗ്ഗം ദക്ഷിണേന്ത്യയിലും കുടിയേറി. ഈ കുടിയേറ്റക്കാർ ആദിവാസികളെ കാടുകളിലേക്കോടിച്ചു. കാലാന്തരത്തിൽ

> ഇവരും പുതുതായി വന്ന പ്രബലരാൽ പിന്നാക്കം തള്ളപ്പെട്ടു. യൂറോപ്യന്മാർ സമുദ്രത്തിൽ ആധിപത്യമുറപ്പിക്കുന്നതുവരെ കടലിൽ ആധിപത്യം പുലർത്തിയിരുന്നത് കോളികളും മറ്റു ധീവരവർഗ്ഗക്കാരുമായിരുന്നു'' (കേശവൻ, 1990 : 51).

ഖർവർ, ബഡെല, മിയാന, വഗേർ എന്നീ വർഗ്ഗത്തിൽപെടുന്നവരാണ് ഗുജറാത്തിലെ മീൻപിടുത്തക്കാർ. അലാവുദ്ദീൻ ഖിൽജി മേവാർ ആക്രമിച്ച കാലത്തു സൗരാഷ്ട്രയിൽ അഭയം തേടിവന്ന രജപുത്രരുടെ സന്തതികളാണ് ഖർവർ എന്നു വിശ്വസിക്കുന്നു. ഭോയികളും മച്ചികളും ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് മീമ്പിടിച്ചു ജീവിക്കുന്നവരാണ്.

തമിഴ്നാടിന്റെ തീരദേശങ്ങളിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവരിൽ പ്രധാനികൾ പട്ടണവരും ചെമ്പടവരുമാണ്. വേലൂർ ആസ്ഥാനമാക്കി മീനവരാജ്യം രൂപീകരിച്ച മീനവരുടെ പിൻഗാമികളാണ് പട്ടണവർ എന്നു വിശ്വസിക്കുന്നു. മദ്രാസിൽ തിരുവിളക്കണ്ണിക്ഷേത്രത്തിലും ചിലയിടങ്ങളിലും ഉത്സവത്തിന് വിഗ്രഹം ചുമക്കുന്നത് പട്ടണവരുടെ അവകാശമാണ്. തിരുവിളക്കണ്ണിക്കുപ്പത്തിൽ (ഗ്രാമം) ജനിച്ച പട്ടണവനാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കളിലൊരാളായ എം.ശിങ്കാരവേലുച്ചെട്ടിയാർ(കേശവൻ, 1990 : 76).

തമിഴ്നാട്ടിലെ ഉൾനാടൻ ജലാശയങ്ങളിൽ മീൻപിടിച്ചിരുന്നവരാണ് ചെമ്പടവർ. ചിദംബരം ശിവക്ഷേത്രത്തിൽ ഇവർക്ക് പ്രത്യേക അവകാശങ്ങളുണ്ട്. ഉത്സവദിവസങ്ങളിൽ വിഗ്രഹം വഹിച്ച പ്രദക്ഷിണം നടത്തുന്നതിവരാണ്. കരൈയർ, വലൈയർ എന്നീ വിഭാഗങ്ങളും മത്സ്യബന്ധനത്തിലേർപ്പെടുന്നു. രാമേശ്വരം മുതൽ കന്യാകുമാരി വരെയുള്ള ദക്ഷിണകടൽതീരം പുരാതനകാലം മുതലേ മുത്തു വ്യവസായത്തിനു പ്രസിദ്ധമായിരുന്നു. പരവൻമാരെ ആശ്രയിച്ചാണ് ഈ വ്യവസായം അഭിവൃദ്ധി പ്രാപിച്ചിരുന്നത്. ഇവർ മത്സ്യബന്ധനത്തോടൊപ്പം നാവികവൃത്തിയും മുത്തുവ്യാപാരവും നടത്തിയിരുന്നു. പതിനാറാം നൂറ്റാണ്ടോടുകൂടി ഇവരിൽ വലിയൊരു വിഭാഗം ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തു(കേശവൻ, 1990 : 68 – 79).

ആന്ധ്രയിലും മീൻപിടുത്തം തൊഴിലാക്കിയ പല ജനവിഭാഗങ്ങളുണ്ട്. ശുദ്ധജ

ല തടാകങ്ങളിൽ നിന്നും മീൻപിടിക്കുന്നവരാണ് ബഗ്ടകൾ. ബെസ്തർ, തൊറയർ, ഹരിവരത്താർ, പർവ്വതരാജകുലത്താർ, പട്ടണവർ, ബോയർ, മീനലവർ എന്നിങ്ങനെ വ്യത്യസ്തപേരുകളിൽ അറിയപ്പെടുന്നവർ മത്സ്യബന്ധനവും അനുബന്ധ ജോലികളും ചെയ്യുന്നവരാണ്. ഒറീസ്സയിൽ കെയ്ത്തുകൾ (കൈവർത്തർ) എന്നാണ് മീൻപിടുത്തക്കാർ അറിയപ്പെട്ടിരുന്നത്. പ്രാദേശികവ്യത്യാസമനുസരിച്ച് ഗോഘലകർ, സ്യൂളർ, തിയ്യർ, നുളിയർ എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഇവരെ കൂടാതെ ചൂണ്ടയിട്ടു മീൻപിടിക്കുന്നതിൽ സമർത്ഥരായ ബളിശകർ, കൃഷിയിലും നാവികവൃത്തിയിലും ഏർപ്പെടുന്ന ജലാരിവാലർ എന്നിവരും മത്സ്യബന്ധനജാതികളാണ്.

ബംഗാളിലെ മീൻപിടുത്തക്കാർ കൈവർത്തർ എന്നറിയപ്പെടുന്നു. അവരുടെ മുൻഗാമികളിൽ ചിലർ രാജവംശങ്ങൾ സ്ഥാപിച്ചു ഭരണം നടത്തിയിരുന്നു. അധികാരം നഷ്ടപ്പെട്ട അവരുടെ പിൻഗാമികൾ ജമീന്ദാർമാരായി മാറി. മഹിശ്യർ എന്ന പേരിലും അവർ അറിയപ്പെടുന്നു. ഏ.ഡി. 1075 മുതൽ ഇരുപത്തഞ്ചുവർഷക്കാലത്തോളം ഭരണം നടത്തിയ കൈവർത്ത രാജാക്കന്മാരെക്കുറിച്ചുള്ള വിവരങ്ങൾ സന്ധ്യാകരനന്ദി രചിച്ച *രാമചരിതം*[2] എന്ന സംസ്കൃത കൃതിയിൽ നിന്നും ലഭിക്കുന്നു (കേശവൻ, 1990 : 94 – 95).

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി 1921 – 22 കാലഘട്ടത്തിൽ നടന്ന മിഡ്നാപൂർ നികുതിനിഷേധസമരത്തിന് നേതൃത്വം വഹിച്ച അഭിഭാഷകനും ദേശബന്ധു സി.ആർ. ദാസിന്റെ സുഹൃത്തുമായ ബീരേന്ദ്രശഷ്മൽ ഒരു മഹിശ്യ നേതാവാണ്. കൽക്കത്തയിലെ കൈവർത്ത കുടുംബത്തിൽ ജനിച്ച റാണി രാസ്മണിയാണ് ദക്ഷിണേശ്വരത്തെ കാളിക്ഷേത്രം പണി കഴിപ്പിക്കുകയും അവിടെ കീഴ്ശാന്തിക്കായി നിയമിതനായ ഗദാധരൻ എന്ന സാധു ബ്രാഹ്മണനിൽനിന്ന് ശ്രീരാമകൃഷ്ണ പരമഹംസൻ എന്ന മഹാത്മാവിലേയ്ക്കുള്ള വളർച്ചയ്ക്ക് നിമിത്തമായിത്തീരുകയും ചെയ്തത് (കേശവൻ, 1990 : 110).

ഇങ്ങനെ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത നാമങ്ങളോടുകൂടിയ മത്സ്യബന്ധകരാണുള്ളത്. മീൻപിടിത്തവും നാവികവൃത്തിയുമാണ് ഈ വിഭാഗങ്ങളെയെല്ലാം ചേർത്തു നിർത്തുന്ന പ്രധാനഘടകം. ഇവരിൽ പലരും ഒരു കാലത്ത് അധി

കാരം കയ്യാളിയിരുന്നവരും ദേശത്തെ പ്രധാനികളുമായിരുന്നു എന്ന് ചരിത്രം വ്യക്ത മാക്കുന്നു. ആര്യാധിനിവേശത്തോടെ പ്രാധാന്യം നഷ്ടപ്പെട്ട ഈ ജനവിഭാഗങ്ങൾ, ജാതീയമായ ചൂഷണങ്ങൾക്ക് വിധേയരാകുകയും പ്രാന്തങ്ങളിലേയ്ക്ക് ഒതുക്കപ്പെടു കയും ചെയ്തു. ജാതിയമായ ക്രൂരതയിൽ നിന്ന്  രക്ഷനേടുന്നതിനായി അവർ പലരും കൂട്ടത്തോടെ ക്രിസ്തുമതത്തിലേയ്ക്കും ഇസ്ലാംമതത്തിലേയ്ക്കും പരിവർത്തനം ചെയ്യു കയുണ്ടായി.

### 2.3. അരയർ – കേരളചരിത്രത്തിൽ

അരയൻ എന്ന പദപ്രയോഗം സംഘകാലത്തു തന്നെ നിലവിലുണ്ടായിരുന്ന തിന് സംഘകാലകൃതികൾ തന്നെ സാക്ഷ്യം വഹിക്കുന്നു. *നാലടിയാർ* എന്ന പ്രബോ ധനപരമായ കവിതയിൽ മൂത്തരൈയരെക്കുറിച്ച് പരാമർശിക്കുന്നതായി തമിഴ് ചരിത്ര കാരനായ എസ്. വിയ്യാപുരിപ്പിള്ള തന്റെ ഗ്രന്ഥമായ *History of Tamil Language and Literature* - ൽ പറയുന്നുണ്ട്. അതിനെപ്പറ്റിയുള്ള എൻ. സുബ്രഹ്മണ്യന്റെ നിരീ ക്ഷണം ഇപ്രകാരമാണ്.

> "നാലടിയരിൽ മൂത്തരൈയരെ  (അഥവാ പെരുമുത്തരൈയരെ) പറ്റിയുള്ള പരാമർശം വിയ്യാപുരിപ്പിള്ള എടുത്തു പറയുന്നത് ഈ കൃതിക്ക് അർവ്വാചീനത്വം കല്പിക്കാൻ വേണ്ടിയാണ്. ഏ.ഡി. ഏഴാം ശതകം മുതൽ ഒൻപതാം ശതകം വരെയുള്ള കാലയളവിൽ നിലവിൽ വന്ന ശിലാരേഖകളിൽ കൂടിയാണ് മൂത്തരൈയരുടെ കുടുംബത്തെക്കുറിച്ച് നാം അറിയുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഏ.ഡി. ഏഴാം ശതകത്തിന് മുൻപ് മൂത്തരൈയർക്ക് പ്രസിദ്ധി ഉണ്ടായിരുന്നില്ല എന്നും അദ്ദേഹം ഉപസംഹാരമായി പറയുന്നു. എന്നാൽ മൂത്തരൈയർ കുടുംബം ഏഴാം ശതകത്തിനു മുൻപ് ഉണ്ടായിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ വാദം തെളിയിക്കുന്നില്ല. ശിലാരേഖക്ളിൽ വിവരമൊന്നും ഇല്ലാത്തത് കേവലം മൗനമെന്നല്ലാതെ അതിൽ നിന്ന് ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ സാദ്ധ്യമല്ല തന്നെ. മൂത്തരൈയർ സംഘകാലത്തെ പ്രധാനികൾ ആയിരുന്നു എന്നതിന് കൃതിയിലെ പരാമർശം ധാരാളം മതിയാകും. നാലടിയാരിലെ പരാമർശങ്ങൾ വച്ചുകൊണ്ട്

മൂത്തരൈയരുടെ കാലം നിർണ്ണയിക്കുക യുക്തമാണ്. മറിച്ച് ആ കുടും ബത്തെപ്പറ്റി ശിലാരേഖകളിൽ നിന്നും ലഭിക്കുന്ന തുച്ഛമായ അറിവു വച്ചുകൊണ്ട് നാലടിയരുടെ കാലം നിർണ്ണയിക്കുക ശരിയായിരിക്കില്ല'' (2003 : 43).

മൂത്തരൈയർ അക്കാലത്ത് പ്രധാനികളായിരുന്നു എന്നാണ് വിയ്യാപുരിപിള്ളയും അദ്ദേഹത്തെ ഉദ്ധരിച്ചുകൊണ്ട് സുബ്രഹ്മണ്യനും വ്യക്തമാക്കുന്നത്. നെയ്തൽ നിവാസികളായ മീനവർ, പരതവർ എന്നിവരുടെ സ്ഥാനികളെയായിരിക്കണം മൂത്തരയർ എന്നു സംബോധന ചെയ്തിരിക്കുന്നത്. കാരണം മത്സ്യബന്ധനജാതിക്കാരുടെ പിൽക്കാലചരിത്രത്തിലും മുക്കുവൻ, വാലൻ തുടങ്ങിയവരുടെ തലവനെ അരയൻ എന്നാണ് വിളിച്ചിരുന്നത്. ആലപ്പാട്ടരയരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ഐതിഹ്യത്തിലും ഭരണാധികാരി മൂത്തരൈയർ ആണ്. മുത്തരൈയർ എന്ന പാഠാന്തരവും അവിടെ കാണുന്നുണ്ട്. കടലിൽ മുങ്ങി മുത്തെടുത്തിരുന്ന അരയൻ ആയിരിക്കണം മുത്തരൈയൻ. മൂപ്പിൽ സ്ഥാനം ലഭിച്ച മൂത്ത അരയൻ ആവണം മൂത്തരയൻ. ഏതായാലും മീൻപിടുത്തം തൊഴിലാക്കിയവരിൽ പ്രധാനിയായിരുന്നു മൂത്തരയൻ എന്നുവേണം കരുതാൻ.

കേരള സമൂഹരൂപീകരണത്തിൽ ജാതിവ്യവസ്ഥയ്ക്കുള്ള പങ്കിനെ വിശകലനം ചെയ്യുന്ന കെ.എൻ.ഗണേശ് ഇപ്രകാരം രേഖപ്പെടുത്തുന്നു.

" ഗോത്രവ്യവസ്ഥയിൽ നിന്നുൽഭവിച്ച കൂട്ടായ്മകളെ തകർക്കാൻ ബ്രാഹ്മണപിതൃമേധാവിത്തശക്തികൾ അതിതീവ്രമായ ശ്രമം നടത്തുന്നുണ്ട്. കേരളീയ സമൂഹത്തെ അഖിലേന്ത്യാതലത്തിൽ വളർന്നുവന്ന ബ്രാഹ്മണമേധാവിത്വത്തിലും ജന്മിവ്യവസ്ഥയിലും അധിഷ്ഠിതമായ സമൂഹക്രമത്തിന്റെ ഭാഗമാക്കാനുള്ള ശ്രമം കൂടിയാണിത്. ജാതിവ്യവസ്ഥ ഇതിന്റെ ഫലമാണ്. ബ്രാഹ്മണഗ്രാമങ്ങളിലും ക്ഷേത്രങ്ങളിലും വളർന്നുവന്ന തൊഴിൽ വിഭാഗങ്ങൾ ജാതികളായി മാറി. ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും നേരിട്ട് നിയന്ത്രണമില്ലാത്ത വിഭവമേഖലയിലെ ജനങ്ങളേയും ജാതിയുടെ ശ്രേണീബന്ധങ്ങളിലുൾപ്പെടുത്താൻ ശ്രമം നടക്കുന്നുണ്ട്. ഭക്ഷ്യധാന്യമേഖലയിലെ ജാതിനിർണയം അവിടുത്തെ തൊഴിൽ വിഭജനരൂപമായിരുന്നുവെങ്കിൽ മറ്റു വിഭജനമേഖലകളിലെ ജനങ്ങളെ സാമൂഹ്യമായും ആശയപര

> മായും അടിച്ചമർത്താനുള്ള മാർഗ്ഗമായി ജാതി ഉപയോഗിക്കപ്പെട്ടു. മത്സ്യത്തൊഴിലാളികളുടെ സമൂഹഘടനയിൽ അരയർ ഉന്നതരാണ്. അരയൻ, മൂത്തരയൻ മുതലായ സ്ഥാനങ്ങൾ നാടുവാഴികളാണ് നൽകുന്നത്. ഈഴവരുടെയും ചാന്നാരുടെയും സ്ഥിതിയും വ്യത്യസ്തമല്ല"(2012 : 17).

മധ്യകാലകേരളത്തിലെ സാമൂഹ്യാവസ്ഥയാണ് ഇതിൽ ചിത്രീകരിക്കുന്നത്. ജാതിശ്രേണിയിൽ അധഃസ്ഥിതനാക്കപ്പെട്ടപ്പോഴും മൂത്തരയൻ എന്ന പദവി നിലനിന്നിരുന്നതായി ഈ ഉദ്ധരണി സൂചിപ്പിക്കുന്നു.

ആര്യാധിനിവേശത്തോടെ സിന്ധുനദീതീരങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കുടിയേറിയ ദ്രാവിഡജനതയിൽ ഒരു വിഭാഗം കുട്ടനാട്ടിലെത്തിയതായി ദളിത്ബന്ധു എൻ.കെ. ജോസ് അഭിപ്രായപ്പെടുന്നു(2004 : 100). കേരളവുമായി കച്ചവടബന്ധം പുലർത്തിയിരുന്ന തിരൈയ്യരാണ് കുട്ടനാട്ടിലെത്തിയത്. പരതവർ നിളാനദീതീരത്തും എത്തിച്ചേർന്നു. തിരകളെ മുറിച്ചുകടന്ന് കച്ചവടസാധനങ്ങളുമായി മടങ്ങിപ്പോകാനുള്ള കഴിവിനെ ആസ്പദമാക്കിയാണ് തിരൈയ്യർ എന്ന പേർ അവർക്കു ലഭിച്ചത്. സിന്ധുനദീതടവാസികൾ കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സ്ഥലങ്ങളുമായി നടത്തിയ വ്യാപാര ബന്ധങ്ങളെപ്പറ്റി പ്രൊഫ. ഗോർഡൺ ചൈൽഡിന്റെ *New Light on the Most Ancient East* എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നതായും ദളിത്ബന്ധു പറയുന്നുണ്ട്. ആര്യന്മാരുടെ കുടിയേറ്റത്തോടെ പലായനം ചെയ്യേണ്ടിവന്ന സൈന്ധവരിൽ ഒരു വിഭാഗം വ്യാപാരബന്ധത്താൽ അവർക്കു പരിചിതമായ കേരളത്തിൽ എത്തി. പരതവരും തിരൈയരുമായ അവർ ഇവിടെ മത്സ്യത്തൊഴിലാളികളും വ്യാപാരികളുമായി മാറി. പിൽക്കാലത്ത് വിദേശവ്യാപാരികളുടെ സഹായികളായി വർത്തിക്കുകയും അതുവഴി സ്വദേശ വ്യാപാരികളായി മാറുകയും ചെയ്തത് സൈന്ധവരുടെ പിൻഗാമികളായ ഈ മീൻപിടുത്തക്കാരായ മുക്കുവരാണ്. ദളിത് ബന്ധു ഇങ്ങനെ തുടരുന്നു:

> " കേരള ജനസമൂഹത്തിലെ ഏറ്റവും പരിഷ്കൃതരായ ജനസമൂഹം അന്നിവിടെ വിദേശവ്യാപാരികളുമായി ബന്ധമുണ്ടായിരുന്ന തദ്ദേശ വ്യാപാരി വർഗ്ഗമാണ്. അവരുടെ മുൻഗാമികൾ ഇവിടുത്തെ മത്സ്യബന്ധനക്കാരായിരുന്നു. അഥവാ മുക്കുവരായിരുന്നു. മുക്കുവർ എന്ന

ഒരു ജാതിയെ ആരും പ്രത്യേകം സൃഷ്ടിച്ചതല്ല. ജലാശയങ്ങളുടെ തീരത്തും നദികളുടെ തീരത്തും താമസിച്ചവർ മത്സ്യത്തെ കണ്ടു, മത്സ്യത്തെ പിടിച്ചു തിന്നുന്നു, ചതുർവർണ്യം വന്നപ്പോൾ ഓരോരുത്തരും ചെയ്തുകൊണ്ടിരുന്ന ജോലിയെ അവരുടെ പാരമ്പര്യത്തൊഴിലാക്കി മാറ്റി. ആ ജോലി ചെയ്തുകൊണ്ടിരുന്നവരെ ഒരു പ്രത്യേക ജാതിക്കാരാക്കി. മത്സ്യബന്ധനം നടത്തിയിരുന്നവരെ മുക്കുവരാക്കി അത്രമാത്രം'' (ജോസ്, 2004 : 102).

സിന്ധുനദീതടനിവാസികളിൽ പ്രബലരായിരുന്ന മീനവരായിരുന്നു കട്ടമരങ്ങളുടെയും പ്രാകൃതനൗകകളുടെയും നിർമ്മാതാക്കളെന്ന് ഡോ. ഹെർണൽ അഭിപ്രായപ്പെടുന്നതായി *ധീവരചരിത്രാവലോകന* കർത്താവായ എൻ.ആർ. കേശവൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ തിരയരുടെ ഒരു വിഭാഗമായിരുന്നു പോളിനേഷ്യയിലെയും ഇന്തോനേഷ്യയിലെയും മറ്റും ദ്വീപസമൂഹങ്ങളെ ദക്ഷിണേന്ത്യയുമായി ബന്ധിപ്പിച്ചിരുന്നത്. ദക്ഷിണേന്ത്യൻ തീരങ്ങളിലെ മീനവർ, തിരൈയർ, പരതവർ എന്നിവർ താമസസ്ഥലത്തിന്റെ പ്രത്യേകതക്കനുസരിച്ച് അവരുടെ ജീവിതരീതികൾ രൂപപ്പെടുത്തിയെടുത്തു. സംഘകാലതമിഴകത്തെ നെയ്തൽതിണ നിവാസികൾ മീനവർ, പരതവർ എന്നീ പേരുകളിലാണ് അറിയപ്പെട്ടത്. തമിഴകത്തെ മൂന്നു പ്രബലശക്തികളായിരുന്ന ചോള, ചേര, പാണ്ഡ്യരിൽ പാണ്ഡ്യവംശം ഉദയം കൊണ്ടത് പരതവരിൽ നിന്നായിരുന്നു.മധുര ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന  പാണ്ഡ്യരുടെ കുലദേവത പരതവംശത്തിൽ പിറന്ന മധുരമീനാക്ഷിയും അവരുടെ കൊടിയടയാളം മീനും ആയിരുന്നു. "മീനവർ, കൗരിയർ, പഞ്ചവർ, തെന്നർ, ചെഴിയർ, മാറർ, വഴുതി തുടങ്ങിയ പേരുകളിൽ പാണ്ഡ്യന്മാർ അറിയപ്പെട്ടിരുന്നു. വില്ലവർ ശബ്ദം കൊണ്ട് നായാടികളിൽ നിന്ന് ഉത്ഭവിച്ചവരാണ് ചേരന്മാർ എന്നു കാണിക്കുന്നതുപോലെ മുക്കുവരിൽ നിന്ന് ഉണ്ടായവരാണ് പാണ്ഡ്യന്മാർ എന്നാണ് മീനവർ ശബ്ദം കാണിക്കുന്നത്'' (സുബ്രഹ്മണ്യൻ, 2003 : 50). സംഘകാലജീവിതത്തെക്കുറിച്ച് ഗവേഷണ പഠനം നടത്തിയ സുബ്രഹ്മണ്യന്റെ ഈ നിരീക്ഷണം ധീവരർക്ക് മീനവർ, പരതവർ എന്നിവരോട് ഉണ്ടെന്നു പറയുന്ന പൂർവ്വകാല ബന്ധത്തെ ദൃഢമാക്കുന്നതാണ്.

സംഘകൃതികളിൽ പല ധീവരവിഭാഗങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ടെന്ന്

മുൻപ് സൂചിപ്പിച്ചു. മീനവർ, വലയർ, പരതവർ തുടങ്ങിയ മുക്കുവസമുദായമാണ് സംഘ കാലതമിഴകത്തെ തീരദേശജനത. അവർക്ക് മീൻപിടിക്കുന്നതിനായി തിമിൽ എന്ന ചെറുവള്ളങ്ങൾ ഉണ്ടായിരുന്നു. വലയോടു ചേർത്ത് മീൻ പിടിച്ചിടുന്നതിനായുള്ള പൂണിയും ചൂണ്ടക്കോലിന്റെ അറ്റത്ത് മീൻ സൂക്ഷിക്കുന്നതിനുള്ള തുകിൽ സഞ്ചിയും അവർ ഉപയോഗിച്ചിരുന്നു. മത്സ്യബന്ധനത്തോടൊപ്പം ഉപ്പുണ്ടാക്കലും തീരപ്രദേശത്തെ പ്രധാനവ്യവസായമായിരുന്നു. കടൽ വ്യാപരത്തെക്കുറിച്ചുള്ള സമൃദ്ധമായ പരാമർശ ങ്ങളും സംഘകൃതികൾ നൽകുന്നുണ്ടെന്ന് സുബ്രഹ്മണ്യൻ രേഖപ്പെടുത്തുന്നു (2003 : 50 – 51). നെയ്തൽ തിണവാസികളുടെ തൊഴിൽ, തൊഴിലുപകരണങ്ങൾ, ഉൽപ്പാദന – വിനിമയ രീതികൾ എന്നിവയെക്കുറിച്ച് *കേരളചരിത്ര*ത്തിൽ ചർച്ചചെയ്യുന്നുണ്ട് (രാഘ വവാര്യർ, 2007 : 74 – 78).

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വിവാഹ വേളയിൽ നിലവിലി രുന്ന പാണൻ വരവ് എന്ന ചടങ്ങിനെ വിശകലനം ചെയ്തുകൊണ്ട് കേസരി ബാലകൃ ഷ്ണപിള്ള കമ്മാളരും അരയരും ഈഴവരും ദ്രാവിഡവർഗ്ഗത്തിന്റെ മൂന്നു ശാഖകളാ ണെന്നു സ്ഥാപിക്കുന്നുണ്ട്. ഒരു പാണൻ കല്യാണപന്തലിൽ കയറി നിന്നുകൊണ്ട് പണ്ടത്തെ ക്രിസ്ത്യാനികളുടെ പദവികളെക്കുറിച്ച് പുകഴ്ത്തി പാടുന്നതാണ് പാണൻ വരവ്. ആ പാട്ടിൽ മിന്നിയിലെയും ഈഴത്തുനാട്ടിലെയും കമ്മാളരെക്കുറിച്ച് പരാമർശ മുണ്ട്. കേസരി ഇപ്രകാരം രേഖപ്പെടുത്തുന്നു.

> “ലക്ഷദ്വീപു സമൂഹത്തിന്റെ തെക്കേ അറ്റത്തുള്ള മിനിക്കോയ് ദ്വീപത്രെ ഇതിലേ മിന്നി. മീനർ (മിന്നിയർ) അഥവാ മുകയർ (അര യർ) പാർത്തിരുന്നതിൽ നിന്നാണ് ഈ ദ്വീപിന്റെ നാമം ഉൽഭവിച്ച ത്. പ്രാചീന അറേബ്യയിലും ഒരു മിന്നിയൽ വർഗ്ഗം നിവസിച്ചിരു ന്നു. ആദിതച്ചൻ അഥവാ വിശ്വകർമ്മാവായ മഹാവിഷ്ണുവിന് മത്സ്യൻ (മുകയൻ, അരയൻ) എന്നും വരുണൻ എന്നും പര്യായങ്ങ ളുണ്ട്. കം എന്നത് സമുദ്രപര്യായമാകയാൽ സമുദ്രം വാഴുന്ന വരു ണന് കം ആളുന്നവൻ അഥവാ കമ്മാളൻ എന്ന ബിരുദവും ലഭി ക്കും. ഇതിൽ നിന്നും കമ്മാളരും അരയന്മാരും ഒരേ ഒരു ദ്രാവിഡ വർഗ്ഗത്തിന്റെ രണ്ടു ശാഖകൾ മാത്രമാണെന്നു സിദ്ധിക്കുന്നു. ഈഴ

മെന്ന തമിഴ്പദത്തിന് പൊന്നെന്നും അർത്ഥമുണ്ട്. ഈഴക്കാശെന്ന നാണയത്തെ തമിഴ്നാട്ടുശാസനകളിൽ പ്രസ്താവിച്ചിട്ടുള്ളതും കാണാം. ഹിരണ്യഗർഭൻ എന്നത് മഹാവിഷ്ണുവായ ആദിബ്രഹ്മാവിന്റെ പര്യായമാണല്ലോ. ഹിരണ്യം പൊന്നാകുന്നു. ഈ സംഗതികളെല്ലാം ഒരേ ഒരു ദ്രാവിഡ വർഗ്ഗത്തിന്റെ മൂന്നു ശാഖകളാണ് കമ്മാളർ, അരയർ, ഈഴവർ എന്നു സ്ഥാപിക്കുന്നുണ്ട്. ഈ മൂന്നു ജാതിക്കാരുടെയും പണ്ടത്തെ പുരോഹിതർ കമ്മാളരായിരുന്നു. അതുകൊണ്ടത്രെ അവർ പൂണൂൽ ധരിക്കാറുള്ളതും'' (1995 : 115).

കാണിക്കാരെക്കുറിച്ചു പഠിച്ച സി.കെ. കരുണാകരൻ അവർക്കിടയിൽ നിലനിൽക്കുന്ന ഐതിഹ്യത്തെ പരാമർശിച്ചുകൊണ്ട് മലയരയരും കടലരയരും ഒരേ ഗോത്രത്തിൽ നിന്നും വേർപ്പെട്ട രണ്ടു വിഭാഗങ്ങളാണെന്നു സൂചിപ്പിക്കുന്നുണ്ട്.

"കാലാന്തരത്തിൽ മറ്റു വർഗ്ഗക്കാരുമായുള്ള കിടമത്സരത്താൽ അവരിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ച ഇവർ രണ്ടു കൈവഴികളിലായി പിരിഞ്ഞു. അതിൽ ചേട്ടത്തിമക്കൾ തേൻതിരിതേടി മാംസം ഭക്ഷിച്ചുകൊണ്ട് മലരാജാക്കന്മാരായി പാറ അപ്പുകൾ തൽക്കാല വസതികളാക്കിയും മലയോരങ്ങളിൽ കൂരകൾ പണിഞ്ഞും കായ്കനികൾ തേടിതിന്ന് കാട്ടുമൃഗങ്ങളോട് ഇണങ്ങിയും പിണങ്ങിയും സ്വതന്ത്രരായി മലകളിൽ മലയരയൻമാരായി തന്നെ ജീവിതം നയിച്ചു. അനുജത്തിമക്കൾ കടൽത്തിരനോക്കി മീൻതിരി തേടി കടലോരത്ത് കൂരകൾ കെട്ടി കടലരയന്മാരായി മീൻപിടിച്ചു തിന്നുകൊണ്ട് കഴിഞ്ഞുകൂടി" (2000 : 11).

കടലരയൻ, മലയരയൻ എന്നുള്ള പേരിലെ കേവല സാദൃശ്യത്തിനപ്പുറം വംശബന്ധത്തെക്കാണിക്കുന്ന സവിശേഷതകളൊന്നും തന്നെ ചരിത്രത്തിൽ നിന്ന് ലഭ്യമായിട്ടില്ല. മാത്രമല്ല സമകാലത്തിൽ കടലരയനെ ധീവരവിഭാഗത്തിലും മലയരയനെ പട്ടികവർഗ്ഗ വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അത് അവർ വ്യത്യസ്ത ഗോത്രജരാണെന്ന സൂചനയാണ് നൽകുന്നത്. എന്നാൽ ഈ തരംതിരിവ് ഭരണപരമാണെന്ന് കാണാം. അതിന്റെ അടിസ്ഥാനത്തിൽ മാത്രം അവർ ഒരേ ഗോത്രത്തിന്റെ ഭാഗമല്ലെന്ന നിഗമനത്തിൽ എത്തിച്ചേരാൻ കഴിയില്ല.

ഒരേ തിണയിൽ വസിക്കുകയും ഒരേ തൊഴിൽ ചെയ്യുകയും ചെയ്തിരുന്ന കൂട്ടായ്മയ്ക്ക് എങ്ങനെ വ്യത്യസ്ത പേരുകളുണ്ടായി എന്നത് അന്വേഷണവിധേയമാണ്. നെയ്തൽ നിവാസികളായ മീൻപിടുത്തക്കാർ മീനവർ, പരതവർ എന്നിവരാണ്. സംഘകാലത്തിന് വളരെ മുമ്പുതന്നെ സൈന്ധവസംസ്കാരത്തിന്റെ ഭാഗമായും ഇതേ പേരുകൾ തന്നെയാണ് കടലുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവരെ പരാമർശിക്കാൻ ഉപയോഗിച്ചു കാണുന്നത്. ഇന്ത്യയുടെ പിൽക്കാല ചരിത്രത്തിലും വ്യത്യസ്ത പ്രദേശങ്ങളിലെ മത്സ്യബന്ധകർ വ്യത്യസ്ത പേരുകളിലാണ് കഴിഞ്ഞുവന്നിരുന്നത്. കേരളത്തിലെ സമകാലാനുഭവവും വ്യത്യസ്തമല്ലെന്നു കാണാം.ധീവരസമുദായത്തിനുള്ളിൽ പല ജാതിക്കൂട്ടായ്മകളുള്ളതുപോലെ ഈഴവ, നായർ, നമ്പൂതിരി തുടങ്ങിയ മറ്റു സമുദായങ്ങൾക്കുള്ളിലും പല കൂട്ടായ്മകളും പലപേരുകളിൽ നിലനിൽക്കുന്നുണ്ട്. സമാനമായ ജീവിത സാഹചര്യവും തൊഴിൽമേഖലയുമാണ് ഇത്തരം കൂട്ടായ്മകളെ ഒരുമിപ്പിച്ചു നിർത്തുന്നതെന്നു കാണാം. മറിച്ച് പേരിൽ കാണുന്ന സാദൃശ്യം വംശബന്ധത്തെ സൂചിപ്പിക്കണമെന്നില്ല.

## 2.4. അരയർ - വിദേശസഞ്ചാരികളുടെ രേഖകളിൽ

കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ ഇവിടുത്തെ മീൻപിടുത്തക്കാരെക്കുറിച്ചുള്ള പല കാഴ്ചകളും പകർന്നുതരുന്നുണ്ട്. 1293 – ൽ കേരളത്തിൽ വന്ന ജോൺ ഓഫ് മോന്റി കാർവിനോ തീരദേശജനങ്ങളുടെ ജീവിതം വിലയിരുത്തുന്നത് ഇങ്ങനെയാണ്: അവർ നാവികപ്രവർത്തനത്തിൽ സമർത്ഥരും ഒന്നാംതരം കപ്പലുകൾ നിർമ്മിക്കുന്നവരുമാണ്. കടൽയാത്രയ്ക്ക് അനുകൂലമായ മാസങ്ങൾ തിരിച്ചറിയുന്ന ഈ ജനത എല്ലാവർഷവും വിദേശരാജ്യങ്ങളിലേയ്ക്ക് വ്യാപാരയാത്രകൾ നടത്തുകയും ചെയ്യുന്നു.

1409 – ൽ എത്തിയ ചൈനീസ് സഞ്ചാരിയായ മഹ്വാൻ കൊച്ചിരാജ്യത്തെ ജനങ്ങളെ അഞ്ചുവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. നായന്മാർ (Nairs), മുഹമ്മദീയർ (Muhammadeirs), ചെട്ടികൾ (Chitti), കൊളിങ്ങർ (Kolings), മുക്കുവർ (Mukkuvars) എന്നിങ്ങനെ. ഇവരിൽ ഏറ്റവും താഴെതട്ടിലുള്ളവരും പാവങ്ങളുമാണ് മുക്കുവർ. ഇവ

രുടെ വീടുകൾ മൂന്നടി ഉയരത്തിൽ കൂടുതലാവാൻ പാടില്ലെന്ന് ഭരണാധികാരികൾ വിലക്കിയിട്ടുണ്ട്. അതുപോലെ നീളമേറിയ വസ്ത്രങ്ങൾ ധരിക്കാനും അവരെ അനുവദിച്ചിരുന്നില്ല. ഒരു നായരോ ചെട്ടിയോ ദൂരെനിന്നും വരുന്നതു കണ്ടാൽ അവർ കടന്നുപോകുന്നതുവരെ മുക്കുവർ തറയിൽ കമഴ്ന്നു കിടക്കും. മത്സ്യബന്ധനവും മറ്റു ചുമട്ടുപണികളുമാണ് മുക്കുവരുടെ ജീവിതമാർഗ്ഗം (Neelakanda Sastri, 2001 : 304).

15 – ാം നൂറ്റാണ്ടിൽ എത്തിയ നിക്കോളോ കോണ്ടി കൊച്ചിയിലെ മീൻപിടുത്തക്കാരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അവിശ്വസനീയമായി തോന്നാം. നദിയിലൂടെ കപ്പലിൽ സഞ്ചരിച്ചപ്പോൾ പുഴക്കരയിൽ തീകത്തിച്ചു മീൻ പിടിക്കുന്ന വിചിത്ര ജന്തുക്കളെ കണ്ടു. അഗ്നിജ്വാലകൊണ്ട് കൂട്ടമായി വരുന്ന മീനുകളെ ഈ ജന്തുക്കൾ തന്ത്രപൂർവ്വം വളഞ്ഞുപിടിക്കും. ഇവയിൽ ആണിനെയും പെണ്ണിനെയും പിടിച്ചുനോക്കിയപ്പോൾ അവരുടെ ശരീരപ്രകൃതി മനുഷ്യരുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല എന്നും നിക്കോളോ കോണ്ടി രേഖപ്പെടുത്തുന്നു. ഇതിനെ വേലായുധൻ പണിക്കശ്ശേരി നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്.

> “നിക്കോളോ കോണ്ടിയുടെ ഈ വിവരണം ആശ്ചര്യകരമായി തോന്നാം. വൈപ്പിൻ, പോഞ്ഞിക്കര, രാമൻ തുരുത്ത്, എറണാകുളം, വെണ്ടുരുത്തി മുതലായ പ്രദേശങ്ങളിൽ കായൽവക്കത്ത് രാത്രികാലങ്ങളിൽ ചൂട്ടുകാണിച്ച് മുക്കുവരും വാലന്മാരും മറ്റും ഇന്നത്തെപ്പോലെ തന്നെ അന്നും മത്സ്യം പിടിച്ചിരുന്നു. നാമമാത്ര വസ്ത്രധാരികളായി മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന സ്ത്രീ പുരുഷന്മാരെക്കണ്ട വിദേശസഞ്ചാരി അത് എന്താണെന്ന് കപ്പലിലെ സഹയാത്രികരോട് ചോദിച്ചിരിക്കാം. അവർ ആംഗ്യഭാഷയിൽ പറഞ്ഞ കാര്യങ്ങൾ സായിപ്പ് മനസ്സിലാക്കിയത് മുൻപ് വിവരിച്ച രീതിയിലായിരിക്കും”
> (2001[a] : 182).

1436 – ൽ കേരളത്തിലെത്തിയ ചൈനീസ് സഞ്ചാരിയായ ഫെയ്സിൻ മുക്കുവരെക്കുറിച്ചും വിവരിക്കുന്നുണ്ട്. കടലോരങ്ങൾ നിറയെ പാവപ്പെട്ടവരുടെ വീടുകളാണ്. അവർ പാവങ്ങളാണെങ്കിലും തികഞ്ഞ മര്യാദക്കാരാണ്. സ്ത്രീപുരുഷ ഭേദമന്യേ അരയിൽ ചെറിയ പരുത്തിത്തുണി മാത്രമേ ഉടുക്കുന്നുള്ളൂ. പുറത്തിറങ്ങി നടക്കുന്ന

അവസരങ്ങളിൽ തലയിൽ ഒരു തുണി ചുറ്റിക്കെട്ടാറുണ്ട്. തീരദേശങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനമാണ്. മത്സ്യം പിടിക്കുന്നവരെ മുക്കുവർ എന്നു വിളിക്കുന്നു. കടപ്പുറത്തെ തെങ്ങിൻതോപ്പുകളിൽ കെട്ടിയിരിക്കുന്ന ചെറിയ കൂരകളിലാണ് ഇവർ വസിക്കുന്നത്. മത്സ്യത്തിന് കുറഞ്ഞ വിലയേ ലഭിക്കാറുള്ളൂ. വേണ്ടത്ര മത്സ്യം ലഭിക്കാതെ വന്നാലും മത്സ്യം പിടിക്കാൻ പറ്റാത്ത കാലാവസ്ഥയിലും ഇവർ പട്ടിണി കിടക്കുന്നു. അപരിചിതരെക്കണ്ടാൽ ഇവർ കൂരകളിൽപോയി ഒളിച്ചിരിക്കും.

1498 – ൽ വാസ്കോഡിഗാമ കോഴിക്കോട്ടു കടപ്പുറത്ത് കപ്പലിറങ്ങുന്നതിനു മുമ്പ് കടലിൽ വച്ച് മുക്കുവരെ കാണുകയും ആശയവിനിമയം നടത്തുകയും ചെയ്തുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഏ.ഡി.1500 - ൽ കേരളത്തിൽ വന്ന പോർട്ടുഗീസുകാരായ ബാർബോസ തിയ്യരെയും മുക്കുവരെയും മൊഗയരെയും കുറിച്ചു പ്രതിപാദിക്കുന്നു. മീൻപിടുത്തവും നാവികവൃത്തിയുമല്ലാതെ മറ്റൊരു തൊഴിലിലും ഏർപ്പെടാത്ത ഒരവശവിഭാഗമാണ് മുക്കുവർ. അവർ മുസ്ലീങ്ങളുടെയും ഹിന്ദുക്കളുടെയും കപ്പലുകൾ നിഷ്പ്രയാസം ഓടിക്കുന്നു. അവരിൽ ചിലർ നല്ലനിലയിൽ കഴിയുന്നവരും വലിയ വീടുകളും ഭൂസ്വത്തും സ്വന്തമായുള്ളവരുമാണ്. 17 – ാം നൂറ്റാണ്ടിൽ സന്ദർശനത്തിന് എത്തിയ പിറാർഡ് ഡി ലാവൽ എന്ന ഫ്രഞ്ചുവ്യാപാരി കേരളതീരത്തെ മത്സ്യബന്ധനത്തെക്കുറിച്ചു പറയുന്നുണ്ട്. തീരപ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനമാണ്. ഓരോ മീൻപിടുത്തക്കാരനും അയാൾക്ക് ഇഷ്ടമുള്ള സ്ഥലത്തു നിന്ന് വേണ്ടുവോളം മീൻ പിടിക്കുന്നു. വളരെ മാന്യമായ ഒരു തൊഴിലായിട്ടാണ് മീൻപിടുത്തത്തെ ഗണിച്ചിട്ടുള്ളത്. രാജാവ് മീൻപിടിക്കാൻ പോകുന്നതിന്റെ വിവരണങ്ങളും ലാവൽ നൽകുന്നുണ്ട്. 1688 – 1723 കാലയളവിൽ പര്യടനം നടത്തിയ ഇംഗ്ലീഷുകാരനായ ഹാമിൽട്ടൺ കേരളത്തിലെ അയിത്തത്തെക്കുറിച്ചു പറയുന്ന വേളയിൽ മുക്കുവരെയും പരാമർശിക്കുന്നുണ്ട്. "തിയ്യരെയും മുക്കുവരെയും പുലയരെയും മറ്റുമാണ് താഴ്ന്ന ജാതിക്കാരായി കണക്കാക്കിയിട്ടുള്ളത്. ഒരു നായർ റോഡിലൂടെ നടന്നുപോകുമ്പോൾ എതിരെ വരുന്ന തിയ്യർ, മുക്കുവർ, പുലയർ എന്നിവർ അയിത്തമാകാതിരിക്കാനുള്ള നിശ്ചിത ദൂരം മാറിനിന്നില്ലെങ്കിൽ അവരെ നായർ ഉടനെ കൊല്ലും. നായർ അവരെ വധിച്ചില്ലെങ്കിൽ നായരെ രാജാവ് വധിക്കും'' (വേലായുധൻ പണിക്കശ്ശേരി, 2001[a] : 387).

17 – ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ന്യൂഹോഫ് മലബാറിലെ സാധാരണ ക്കാർ പുലയരും മീൻകാരുമാണെന്ന് പറയുന്നു. മീൻകാരന്മാരെ പരവന്മാരെന്നും വിളി ക്കുന്നു. നായൻമാരേക്കാൾ കറുപ്പരും വിരൂപികളുമായ മീൻകാരന്മാർ കടൽക്കരയിൽ താമസിച്ച് മീൻപിടുത്തത്തിൽ ഏർപ്പെടുന്നതോടൊപ്പം വള്ളം തുഴയലും മറ്റു കൂലിപ്പ ണികളും ചെയ്തു വരുന്നു. സമൂഹപദവിയിൽ തിയ്യന്മാരെക്കാൾ താഴെയാണ് മീൻകാ രന്മാരുടെ സ്ഥാനം. തീരദേശഗ്രാമങ്ങളിൽ പാർക്കുന്ന പരവന്മാർ മീൻകാരന്മാരിൽ ഒരു വിഭാഗമാണ്. കടലിൽ നിന്നും മുത്തുചിപ്പി ശേഖരിക്കുന്ന ഇവർ പൊതുവെ അല സന്മാരാണ്. ലോകത്തിലെ ഏറ്റവും നല്ല മുങ്ങൽവിദഗ്ദ്ധരായ ഇവർ ശൈശവത്തിൽ തന്നെ അതിൽ പരിശീലനം നേടുന്നു. പുരുഷന്മാർ കടലിൽ പണിക്കുപോകുമ്പോൾ സ്ത്രീകളും കുട്ടികളും കരയിലിരുന്ന് ചിപ്പിക്കുള്ളിലെ മുത്തെടുക്കുന്നു. പരവന്മാർ ക്രിസ്തുമതവിശ്വാസികളാണ്. മുഹമ്മദീയരുടെ ശല്യം കാരണമാണ് അവിശ്വാസിക ളായ അവർ പോർട്ടുഗീസ് സഹായത്താൽ റോമൻസഭയിൽ ചേർന്നതെന്ന് ന്യൂഹാഫ് വ്യക്തമാക്കുന്നു (ശിവശങ്കരൻ നായർ, 1996 : 53 – 54).

18 – ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ എത്തിയ ഇംഗ്ലീഷുകാരനായ ഫ്രാൻസിസ് ബുക്കാനൻ മുക്കുവരുടെ ജീവിതരീതികൾ വിവരിക്കുന്നത് ഇങ്ങനെയാണ്.

> "മലയാളക്കരയുടെ കടലോര മേഖലയിൽ ജീവിക്കുന്നവരാണ് മുക്കു വർ. മീൻപിടുത്തമാണ് അവരുടെ കുലത്തൊഴിൽ. ഇതോടൊപ്പം തന്നെ പല്ലക്കു വഹിക്കുക, വള്ളം തുഴയുക തുടങ്ങിയ പണികളിലും ഇവർ ഏർപ്പെടുന്നു. അവരിൽ ചിലർ തെങ്ങുകൃഷിയും ചെയ്യുന്നു ണ്ട്. മലബാറിന്റെ തെക്കുഭാഗങ്ങളിൽ ഇവർ മുസ്ലീങ്ങളായി മാറിയെ ങ്കിലും തൊഴിൽ ഉപേക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ മതപരിവർത്തനം ചെയ്തവരെ പുച്ഛത്തോടെയാണ് മുക്കുവർ കാണുന്നത്. ശൂദ്രരാ ണെന്ന് സ്വയം അംഗീകരിക്കാത്ത ഇവർ ഈഴവരെ തങ്ങളേക്കാൾ ഉയർന്നവരായി കണക്കാക്കുന്നു. അരയൻ എന്ന സമുദായ മുഖ്യൻ ഇവർക്കുണ്ട്. പരമ്പരാഗത സ്ഥാനമായി പദവി ലഭിക്കുന്ന അരയൻ സമുദായത്തിലെ ചില പ്രമാണിമാരടങ്ങുന്ന സമിതിയുടെ സഹായ ത്തോടെയാണ് അവർക്കിടയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണു ന്നത്. മതപരമായ വലിയ ചടങ്ങുകളുമൊന്നുമില്ലാത്ത അവരുടെ ലളി

തമായ വിവാഹരീതിയിൽ സദ്യപ്രധാനമാണ്. സ്ത്രീ വിശ്വാസ വഞ്ചന ചെയ്തതായി തെളിഞ്ഞാൽ മാത്രമേ വിവാഹബന്ധം വേർപെടുത്താൻ കഴിയൂ. പശു ഇറച്ചി ഒഴികെ ഏതുതരം മാംസവും ലഹരിവസ്തുക്കളും നിഷിദ്ധമല്ലാത്ത മുക്കുവർക്കിടയിൽ വളരെ ചുരുക്കം പേർക്കേ വിദ്യാഭ്യാസമുള്ളൂ. കാളിയാണ് അവരുടെ കുല ദേവത. ഒരു ചെറിയ കുടിലിനകത്ത് ഒരു ഉരുളൻ തടികഷ്ണം വച്ച് അത് അമ്പലമായും കാളീപ്രതിഷ്ഠയായും കരുതി ആരാധിക്കുന്നു. കൊല്ലത്തിൽ നാലുപ്രാവശ്യം അവിടെ കൂടി കോഴിയെ വെട്ടിയും പഴങ്ങൾ നിവേദിച്ചും ദേവിയെ പ്രീതിപ്പെടുത്തുന്നു. അവരിൽ ഒരാൾ പുരോഹിതകർമ്മം നിർവ്വഹിക്കുന്നു. പുനർജന്മത്തിൽ വിശ്വസി ക്കാത്ത ഇവർ രോഗങ്ങളും ദുരിതങ്ങളും സൃഷ്ടിക്കുന്ന പിശാചിലും ദുർദേവതകളിലും വിശ്വസിക്കുന്നു. പിശാചിൽ നിന്നും മുക്തിനേ ടാൻ കണിയാൻ എന്ന സമുദായത്തെ ആശ്രയിക്കുന്നു. മരണമടയു ന്നവരെ കുഴിച്ചിടുന്ന സമ്പ്രദായമാണ് മുക്കുവർക്കുള്ളത്'' (കരിം, 1996 : 190 – 192).

ഹെർമ്മൻ ഗുണ്ടർട്ട് 1869 –ൽ എഴുതിയ *മലയാളരാജ്യം, ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം* എന്ന കൃതിയിൽ മുകയർ, മുക്കുവർ എന്നീ സമൂഹങ്ങളെ പരാമർശിച്ചു കാണുന്നുണ്ട്. അവരുടെ ആഗമനത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തു ന്നു. "ഒരു തർക്കം ഹേതുവായി കമ്മാളർ രാജ്യത്തെ വിട്ടു. (സിംഹളം) ഈഴ ദ്വീപിൽ പോയി മടങ്ങി വരുമ്പോൾ ദ്വീപർ എന്ന അർത്ഥമാകുന്ന തിയ്യരെയും ഈഴവരെയും ആയവർ തെക്കുനിന്നുള്ള മരം എന്ന തെങ്ങിനെയും കൂടെ കൊണ്ടുവന്നു. അവരോ ടൊന്നിച്ച് മുകയർ, മുക്കുവർ എന്നീ രണ്ടു ജാതികളും മലയാളത്തിലെത്തി"(1992 : 17).

**വിദേശികളിൽ നിന്ന് ലഭിച്ച വിവരം പട്ടികരൂപത്തിൽ താഴെ കൊടുക്കുന്നു**

| വർഷം | സഞ്ചാരി | തീരദേശജനതയുടെ പേരുകൾ | ജോലി |
|---|---|---|---|
| 1293 | ജോൺ ഓഫ് മോന്റി കോർവിനോ | മീൻപിടുത്തക്കാർ | മീൻപിടുത്തം, വിദേശവ്യാപാരം, കപ്പൽനിർമ്മാണം |
| 1409 | മഹ്വാൻ | മുക്കുവർ | മീൻപിടുത്തം, ചുമട്ടുപണികൾ |
| 15-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം | നിക്കോളോ കോണ്ടി | മീൻപിടുത്തക്കാർ | മീൻപിടുത്തം |
| 1436 | ഫെയ്സിൻ | മുക്കുവർ | മീൻപിടുത്തം |
| 1498 | വാസ്ക്കോഡഗാമ | മുക്കുവർ | മീൻപിടുത്തം |
| 1500 | ബാർബോസ | മുക്കുവർ,മൊഗയർ | മീൻപിടുത്തവും നാവികവൃത്തിയും |
| 1688 | ഹാമിൽട്ടൺ | മുക്കുവർ | മീൻപിടുത്തം |
| 17-ാം നൂറ്റാണ്ട് | പിറാൾഡ് ഡിലാവൽ | മീൻപിടുത്തക്കാർ | മീൻപിടുത്തം |
| 17-ാം നൂറ്റാണ്ട് | ന്യൂഹോഫ് | മീൻകാരന്മാർ, പരവന്മാർ | മീൻപിടുത്തം, വള്ളംതുഴയൽ, മുത്തുച്ചിപ്പി ശേഖരിക്കൽ |
| 18-ാം നൂറ്റാണ്ട് | ഫ്രാൻസിസ് ബുക്കാനൻ | മുക്കുവർ,അരയർ | മീൻപിടുത്തം, പല്ലക്കുചുമക്കൽ, വള്ളംതുഴയൽ |
| 1869 | ഹെർമ്മൻ ഗുണ്ടർട്ട് | മുക്കുവർ,മുകയർ | മീൻപിടുത്തം, കപ്പൽനിർമ്മാണം |

**2.5. അരയർ – സമുദായഘടനയും ജീവിതരീതികളും**

ലഭ്യമായ ചരിത്രകൃതികളുടെ സഹായത്താൽ അരയസമുദായത്തിന്റെ ഘടനയും ജീവിതരീതികളും വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. കേരളത്തിലെ ജനങ്ങളെ അഞ്ചുവിഭാഗങ്ങളായി തിരിച്ചാണ് സി. എ. ഇന്നസ് മലബാർ ഗസെറ്റിയരിൽ (1908) ചർച്ച ചെയ്യുന്നത്. ഇതിൽ നാലാമത്തെ വിഭജനമായ പതിതജാതിയിൽ ഉൾപ്പെടുത്തിയാണ് മുക്കുവനെക്കുറിച്ച് പറയുന്നത് (Innes, 1997 : 126). സിലോണിൽ നിന്നും കുടിയേറിയതായി കരുതപ്പെടുന്ന മുക്കുവരെ ദേശത്തിന്റെ തെക്കുഭാഗത്ത് അരയരെന്നും കണ്ണൂരിന്റെ തെക്കുഭാഗത്ത് മുകയർ/മുഗവർ എന്നും വിളിക്കുന്നു. മുകയൻ പുഴയിൽ നിന്നും മുക്കുവൻ കടലിൽ നിന്നും മത്സ്യം പിടിക്കുന്നവരാണ് എന്നതിൽ കവിഞ്ഞ് ഈ ജാതിസമൂഹങ്ങൾക്ക് ഇന്നസ് വ്യതിരിക്തത കല്പിക്കുന്നില്ല.

എൽ. കെ. അനന്തകൃഷ്ണഅയ്യർ വാലൻ, കടലരയൻ/അരയൻ , മുക്കുവൻ, മരയ്ക്കാൻ എന്നിങ്ങനെ നാലുവിഭാഗങ്ങളായി തിരിച്ചാണ് മീൻപിടുത്ത ജാതികളെ കുറിച്ച് പറയുന്നത് (Ananthakrishna Iyer, 1981 : 231). ഇതിൽ ആദ്യമൂന്നു വിഭാഗത്തിന്റെയും ജീവിതരീതികളെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നുണ്ട്. കടരയന്മാർ വാലന്മാരേക്കാൾ താഴ്ന്നവരാണെന്ന് അയ്യർ അഭിപ്രായപ്പെടുന്നു. പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും അധിനിവേശകാലത്ത് കടൽ വാണിജ്യത്തിന് അവരെ സഹായിച്ചിരുന്നത് അരയന്മാരാണ്.

മുക്കുവരെക്കുറിച്ച് വിവരിക്കുന്ന തേഴ്സ്റ്റൺ അരയനെന്നും മരയ്ക്കാനെന്നും അവരെ രണ്ടു രീതിയിൽ സംബോധന ചെയ്തിരുന്നതായി പരാമർശിക്കുന്നുണ്ട് (Thurston, 1993 : 112). അരയൻ എന്നത് മുക്കുവരുടെ തലവനെയും ആ അംഗം ഉൾപ്പെടുന്ന കുടുംബത്തെയുമാണ് വിളിച്ചിരുന്നത്. മറ്റു സമുദായാംഗങ്ങളെ മരയ്ക്കാനെന്നും സംബോധന ചെയ്തിരുന്നു. പലതരം മത്സ്യത്തെക്കുറിച്ചും മത്സ്യബന്ധനോപകരണങ്ങളെക്കുറിച്ചും വിവരിക്കുന്ന തേഴ്സ്റ്റന്റെ ഗ്രന്ഥത്തിൽ കോയമ്പത്തൂർ, സേലം, ശ്രീലങ്ക, ചൈന, ജപ്പാൻ, യൂറോപ്പ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ഉണക്കിയ മത്സ്യവും മറ്റു മത്സ്യോൽപ്പന്നങ്ങളും കയറ്റുമതി ചെയ്തിരുന്നതായും പറയുന്നു. മത്തിയാണ്

ഏറ്റവും സുലഭമായി കിട്ടിയിരുന്ന മത്സ്യം. അതിനാൽ കുടുംബം പുലർത്തി എന്ന് അതിനെ വിളിച്ചിരുന്നതായി അദ്ദേഹം രേഖപ്പെടുത്തുന്നു (Thurston, 1993 : 110).

മുങ്ങുന്നവനാണ് മുക്കുവൻ എന്ന് കെ.പി. പദ്മനാഭമേനോൻ അഭിപ്രായപ്പെടുന്നു. കടലിൽ നിന്നും മീൻപിടിക്കുന്ന മുക്കുവരെ മരയ്ക്കാനെന്നും ചിലപ്പോൾ സംബോധന ചെയ്യാറുണ്ട്. ഉൾനാടൻ ജലാശയങ്ങളുമായി ബന്ധപ്പെട്ടാണ് വാലരും അരയരും ഉപജീവനം നടത്തുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു (Padmanabha Menon,1993: 460). *ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ* വാല്യം - 1 ൽ ടി. കെ. വേലുപ്പിള്ള അരയരെക്കുറിച്ച് പറയുന്നുണ്ട്. തിരുവിതാംകൂറിലെ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, അമ്പലപ്പുഴ താലൂക്കുകളിലായി ജീവിക്കുന്ന മത്സ്യബന്ധനസമൂഹമാണ് അരയർ. ഇവരോട് ബന്ധപ്പെട്ടു നിൽക്കുന്ന മീൻപിടുത്ത ജാതികളാണ് മരയ്ക്കാൻ, മുക്കുവൻ, നുളയൻ, വാലൻ എന്നിവർ. വിദ്യാസമ്പന്നരായ യുവജനങ്ങളുടെ പ്രവർത്തനഫലമായി ഇവരെല്ലാം അരയൻ എന്ന പൊതുനാമം സ്വീകരിച്ചതായി അദ്ദേഹം നിരീക്ഷിക്കുന്നു (Vellupillai, 1996 : 837).

മുക്കുവരെ പല ഇല്ലങ്ങളായി തിരിച്ചിരുന്നതായി ഇന്നസ് രേഖപ്പെടുത്തുന്നു. വടക്കൻ പ്രദേശങ്ങളിൽ പൊന്നില്ലം, ചെമ്പില്ലം, കാരില്ലം, കാച്ചില്ലം എന്നിങ്ങനെ നാലില്ലക്കാരായും തെക്കൻ പ്രദേശങ്ങളിൽ മൂന്നില്ലക്കാരായും വിഭജിച്ചിട്ടുണ്ട്. കാവുതിയൻ/ പണിമഗൻ എന്നു വിളിക്കപ്പെടുന്ന ക്ഷുരകന് അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ നിർണ്ണായക സ്ഥാനമാണുള്ളത് (Innes, 1997 : 126). അനന്തകൃഷ്ണ അയ്യരും അരയർക്കിടയിലെ ഗോത്രവിഭജനത്തെ പരാമർശിക്കുന്നു. കാട്ടോട്ടില്ലം, കാരോട്ടില്ലം, ചെമ്പോട്ടില്ലം, പൊന്നോട്ടില്ലം എന്ന രീതിയിലുള്ള വിഭജനത്തിന്റെ ഉത്ഭവവും പ്രത്യേകതകളും വ്യക്തമല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ വിഭജനം കൂടാതെ കടലരയന്മാർക്കിടയിൽ ശംഖൻ, ഭരതൻ, അമുക്കുവൻ, മുക്കുവൻ എന്നിങ്ങനെ നാലുതരത്തിലുള്ള സ്ഥാനപ്പേരുകൾ നിലനിൽക്കുന്നതായും അയ്യർ നിരീക്ഷിക്കുന്നുണ്ട് (1981 : 231). ഈ സ്ഥാനപ്പേരുകളെക്കുറിച്ച് പദ്മനാഭമേനോനും പറയുന്നുണ്ട്. കടലരയൻ എന്നറിയപ്പെടുന്ന അരയൻ ശംഖനും വാലൻ ഭരതനും ആണ്. വാലനും അരയനും പുരോഹിതവൃത്തി ചെയ്യുന്ന അമുക്കുവൻ അരയനിൽ തന്നെയുള്ള ഒരു വിഭാഗമാണ് (1993:460). വെള്ളത്തിൽ മുങ്ങുക ശീലമില്ലാത്തതുകൊണ്ടാവാം പുരോഹിതവൃത്തി ചെയ്യുന്ന

ക്ഷുരകനെ അമുക്കുവൻ എന്നു വിളിക്കുന്നത്.

ഈ ജാതിവിഭാഗങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ഒരു ഐതിഹ്യവും പദ്മനാഭ മേനോൻ അവതരിപ്പിക്കുന്നുണ്ട്. ഒരിക്കൽ ശിവനും പാർവ്വതിയും കൂടെ ഒരു അരുവി കടക്കാൻ ശ്രമിക്കവെ ശിവൻ വിരലിൽ ധരിച്ചിരുന്ന ഒരു മോതിരം വെള്ളത്തിൽ പോയി. ഉടനെ ശിവൻ പാർവ്വതിയുടെ തുടയിൽ നിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുകയും അയാൾ വെള്ളത്തിൽ മുങ്ങി ആ മോതിരം വീണ്ടെടുക്കുകയും ചെയ്തു. തുടർന്ന് അയാളും അയാളുടെ കുലവും ജലവുമായി ബന്ധപ്പെട്ട തൊഴിലുചെയ്തു ജീവിക്കാൻ ശിവൻ നിയോഗിക്കുകയും മത്സ്യബന്ധനം അവരുടെ കുലത്തൊഴിലാകുകയും ചെയ്തു എന്ന താണൈതിഹ്യം (1993 : 464). പല സമുദായങ്ങളുടെയും ഉത്ഭവവുമായി ബന്ധപ്പെട്ടും ഇത്തരം ദിവ്യകഥകൾ പറയാറുണ്ട്.[3] എന്നാൽ മേനോൻ പറയുന്ന ഈ ഐതിഹ്യം ആവേദകർക്ക് അജ്ഞാതമാണ്. എങ്കിലും ആലപ്പാട്ടരയർക്കിടയിൽ പ്രചാരത്തിലിരി ക്കുന്ന ഐതിഹ്യവും ശിവനുമായി ബന്ധപ്പെട്ടാണ് ഉടലെടുത്തിട്ടുള്ളത് (4.1.1 – കാണുക). ആര്യയുക്തിയിൽ അധഃസ്ഥിതരായി മുദ്രകുത്തപ്പെട്ട ജനവിഭാഗങ്ങളെ സവർണ്ണ ഹൈന്ദ വതയോടു ചേർത്തുനിർത്തുന്നത് ഇത്തരം ഐതിഹ്യങ്ങളാണെന്നു കാണാം.

**2.5.1. ഭരണസംവിധാനം**

അരയസമുദായത്തിലെ ഭരണക്രമത്തെക്കുറിച്ച് ഇന്നസ് രേഖപ്പെടുത്തിയിരി ക്കുന്നത് ഇങ്ങനെയാണ്: കടവൻ/കടക്കോടികൾ ചേർന്ന സഭയാണ് സമൂഹത്തെ നയി ക്കുന്നത്. ആ സഭയെ രാജ്യം എന്നു വിളിക്കുന്നു. ഇതിന്റെ തലവൻ കാരണവൻ/അര യൻ എന്നറിയപ്പെടും. സമുദായത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നത് ഇദ്ദേഹമാണ്. ഈ സഭ ഒരു നീതിന്യായക്കോടതിപോലെയാണ് പ്രവർത്തിക്കുന്നത്. അരയൻ, കടവൻ മുതലായ സ്ഥാനങ്ങൾ പരമ്പരാഗതമായി ലഭിക്കുന്നവയാണ്. ഈ സ്ഥാനങ്ങൾ നൽകുന്നത് പ്രദേശത്തെ രാജാവാണ്. സമുദായത്തിലുണ്ടാകുന്ന എല്ലാ ചടങ്ങുകൾക്കും അരയന്റെ അനുമതി ആവശ്യമാണ്. കാഴ്ചദ്രവ്യം നൽകിവേണം അനു മതി തേടാൻ. അവരുടെ കോമരത്തെ/പ്രവാചകനെ അയിട്ടൻ/അട്ടൻ എന്നു വിളിക്കു ന്നു. അമ്പലങ്ങളിലെ പൂജാരിയെ മണക്കൻ/ബണക്കൻ എന്നു പറയുന്നു. കടവൻ കുടും

ബങ്ങളിലെ യുവജനങ്ങളിൽ നിന്ന് ദൈവിക പ്രേരണയാലാണ് ബണക്കനെ തെരഞ്ഞെടുക്കുന്നത്. അരയൻ മരിച്ചാൽ അദ്ദേഹത്തിന്റെ അനന്തിരവനെ പിൻഗാമിയായി നിശ്ചയിക്കുന്നു (Innes, 1997 : 126).

ഇന്നസ് പറയുന്ന കടക്കോടികൾ ചേർന്ന രാജ്യം കേരളത്തിന്റെ വടക്കൻ തീരങ്ങളിലാണ് നിലനിന്നിരുന്നത്. മുക്കുവരുടെ ഇടയിലുണ്ടാകുന്ന സാമൂഹികവും തൊഴിൽപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിരുന്നത് കടക്കോടിയാണ്. കടൽക്കോടതി എന്ന പദം ലോപിച്ചുണ്ടായതാവാം കടക്കോടിയെന്നഭിപ്രായമുണ്ട്(പദ്മനാഭൻ,2003:131). ഒരു കാലത്ത് പ്രബലമായിരുന്ന ഈ അലിഖിതവ്യവസ്ഥിതിയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും നില്ക്കുന്നു. ഉത്തരകേരളത്തിൽ എട്ടോളം കടൽക്കോടതികൾ ഇപ്പോഴും പ്രവർത്തനനിരതമാണെന്ന് ഇ.ഉണ്ണിക്കൃഷ്ണൻ രേഖപ്പെടുത്തുന്നു(ഉണ്ണിക്കൃഷ്ണൻ, 2004 : 46). ദക്ഷിണതീരങ്ങളിൽ ഇത്തരം സഭകൾ നിലനിന്നിരുന്നതായി തെളിവുകളൊന്നും ലഭ്യമായിട്ടില്ല. അവിടങ്ങളിൽ തുറയിലരയനും തുറയിൽപ്പണിക്കനുമാണ് ഭരണകാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്.

സമുദായത്തിലെ ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്ന തലവനെ അരവൻ/അരവർ എന്നാണ് വിളിച്ചിരുന്നതെന്ന് അനന്തകൃഷ്ണ അയ്യർ അഭിപ്രായപ്പെടുന്നു. (1981 : 236, 263, 273). അരയൻ, വാലൻ, മുക്കുവൻ, നുളയൻ എന്നിങ്ങനെ വ്യത്യസ്ത പേരുകളുള്ള കൂട്ടായ്മകളായാണ് അരയസമുദായം പുലർന്നിരുന്നതെങ്കിലും എല്ലാ വിഭാഗങ്ങളുടെയും തലവൻ അരയൻ/അരവൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതെന്ന് ചരിത്രകൃതികൾ തെളിയിക്കുന്നു. ആലപ്പാട്ടെ അരയക്കൂട്ടായ്മയിലും സ്ഥാനി/അധികാരി തുറയിലരയൻ എന്നപേരിലാണ് അറിയപ്പെട്ടിരുന്നതെന്ന് ആവേദകർ പറയുന്നു (4.2 - കാണുക).

**ഭരണക്രമത്തിന്റെ രേഖാചിത്രം**




**2.5.2. ദായക്രമം**

അരയവിഭാഗങ്ങൾക്കിടയിൽ പ്രദേശിക വ്യത്യാസമനുസരിച്ച് രണ്ടുതരം ദായ ക്രമവും നിലനിന്നിരുന്നുവെന്നാണ് രേഖകൾ തെളിയിക്കുന്നത്. മുക്കുവരെക്കുറിച്ച് പറയുന്ന ഇന്നസ് അവർ മരുമക്കത്തായികളാണ് എന്ന സൂചനയാണ് നൽകുന്നത് (1997 : 126). വടക്കേ മലബാറിൽ മരുമക്കത്തായം പിൻതുടരുന്ന മുക്കുവർ കൊച്ചി

യിലും തെക്കൻ പ്രദേശങ്ങളിലും മക്കത്തായികളാണെന്ന് അനന്തകൃഷ്ണ അയ്യർ പറയുന്നു (1981 : 273). അരയർ മക്കത്തായക്രമം പുലർത്തുന്നവരാണെന്ന് അച്യുതമേനോനും (1995 : 261) ടി. കെ. വേലുപ്പിള്ളയും (1940 : 837) അഭിപ്രായപ്പെടുന്നു. ഒരേ സമുദായത്തിൽ തന്നെ മാതൃദായക്രമവും പിതൃദായക്രമവും സ്വീകരിക്കുന്നതിനിടയാക്കിയത് പ്രാദേശിക വ്യത്യാസമാണെന്നു കാണാം. ആലപ്പാട്ടരയരെ സംബന്ധിച്ചിടത്തോളം അവർ മക്കത്തായികളാണെന്ന് വാമൊഴിപാഠങ്ങൾ സാക്ഷ്യപ്പെടുത്തുന്നു(4.3 – കാണുക).

### 2.5.3. വിവാഹം

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലും പ്രചാരത്തിലുണ്ടായിരുന്ന അരയരുടെ വിവാഹരീതിയും അനുബന്ധ ചടങ്ങുകളും മനസ്സിലാക്കാൻ ചരിത്രകൃതികൾ സഹായകമാണ്. എൽ.കെ. അനന്തകൃഷ്ണ അയ്യരും തേഴ്സ്റ്റണും  വിവാഹരീതികൾ വിശദീകരിക്കുന്നുണ്ട്.

ഒരേ ഗോത്രങ്ങളിൽ ഉൾപ്പെട്ട അംഗങ്ങൾ തമ്മിലുള്ള വിവാഹം നിഷിദ്ധമാണ്. വ്യത്യസ്ത ഗോത്രജർ തമ്മിലാണ് വിവാഹ ബന്ധത്തിലേർപ്പെട്ടിരുന്നത്. പ്രായപൂർത്തിയാകുന്നതിന് മുൻപോ അതിനുശേഷമോ പെൺകുട്ടികളുടെ വിവാഹം നടത്തിയിരുന്നു. രാവിലെ മൂന്നിനും എട്ടിനും ഇടയ്ക്കുള്ള സമയത്താണ് ചടങ്ങ് നടത്തുക. അതിനു മുൻപ് വരനും കൂട്ടരും മറ്റതിഥികളും അലങ്കാരങ്ങളാൽ മനോഹരമാക്കിയ വിവാഹ പന്തലിൽ വന്നിരിക്കുന്നു. തുടർന്ന് വേലനും (അലക്കുകാരൻ) വേലത്തിയും ചേർന്ന് സീതയുടെയും പാർവ്വതിയുടെയും വിവാഹം പരാമർശിക്കുന്ന പാട്ടുകൾ പാടുന്നു. സൂര്യോദയത്തോടെ പുരോഹിതന്റെ നിർദ്ദേശപ്രകാരം വരൻ വധുവിനെ താലി അണിയിക്കുന്നു. വിവാഹശേഷം രണ്ടു മണിക്കൂറോളം പൊലി നടത്തുന്നു. അവിടെ സന്നിഹിതരായവർ സാമ്പത്തികസ്ഥിതിക്കനുസരിച്ച് ഒരു രൂപ, എട്ടണ, നാലണ എന്നിങ്ങനെ അവിടെ വച്ചിട്ടുള്ള പാത്രത്തിൽ/തുണിയിൽ ഇടുന്നതാണ് പൊലി. ഇതിലൂടെ ലഭിക്കുന്ന തുക പുരോഹിതർ, വാദ്യക്കാർ, പാട്ടുകാർ എന്നിവർക്ക് പ്രതിഫലമായി നൽകുന്നു. ആഘോഷങ്ങൾക്കുശേഷം പന്ത്രണ്ടു മണിയോടെ വധൂവരന്മാരും സംഘവും

യാത്രയാകുന്നു. യാത്ര പുറപ്പെടുന്നതിനു മുമ്പായി വരൻ കുറച്ചു രൂപയോ ഒരു സ്വർണ്ണ നാണയമോ വധുവിന്റെ വസ്ത്രത്തിൽ കെട്ടിയിടുന്നു. അതുപോലെ വധുവിന്റെ വില യായി നൂറ്റിയൊന്ന് പുത്തൻ[4] അല്ലെങ്കിൽ അഞ്ചുരൂപയും നാലണയും രണ്ടുപൈ സയും വധുവിന്റെ മാതാപിതാക്കൾക്ക് നൽകുന്നു. ഈ ആചാരം പഴയകാലത്ത് വിവാഹം കച്ചവടത്തിനു തുല്യമായിരുന്നു എന്ന് ഓർമ്മിപ്പിക്കുന്നു. വിവാഹാനന്തരം വരന്റെ ഗൃഹത്തിലെത്തുന്ന വധൂവരന്മാർക്ക് വാഴപ്പഴവും പാലും നൽകുകയും വധു വിനെ ആ കുടുംബത്തിലെ അംഗമായി സ്വീകരിക്കുകയും ചെയ്യുന്നു (Ananthakrishna Iyer, 1981 : 262).

രണ്ടുതരത്തിലുള്ള വിവാഹ സമ്പ്രദായം ഉണ്ടായിരുന്നതായി തേഴ്സ്റ്റൺ പറ യുന്നുണ്ട്. കോടി ഉടുക്കലും വീട്ടിൽ കൂടലും. രണ്ടുദിവസം നീണ്ടുനിൽക്കുന്നതാണ് കോടി ഉടുക്കൽ ചടങ്ങ്. ആദ്യദിവസം വരനും കൂട്ടരും മധുരപലഹാരങ്ങളും വെറ്റി ലയും അടയ്ക്കയുമായി വധൂഗൃഹം സന്ദർശിച്ചു മടങ്ങും. പിന്നീട് ബന്ധുമിത്രാദികളു ടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടുകൂടി വരൻ ആചാരപ്രകാരം വധൂഗൃഹ ത്തിലെത്തുന്നു. ഗ്രാമത്തലവനായ അരയന്/അദ്ദേഹത്തിന്റെ പ്രതിനിധിക്ക് വെറ്റിലയും അടയ്ക്കയും നൽകി അനുവാദം വാങ്ങിയ ശേഷമേ വരൻ വീട്ടിനുള്ളിൽ പ്രവേശിക്കൂ. വിവാഹ ഉടമ്പടിയിൽ പങ്കുചേരുന്ന ഇരു ഗോത്രത്തിലെയും പ്രതിനിധികളോടൊപ്പം വരൻ വധുവിന്റെ മുറിയിൽ പ്രവേശിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നതോടെ ആദ്യ ദിവസത്തെ ചടങ്ങ് സമാപിക്കുന്നു. രണ്ടാംദിവസം കോടി ഉടുക്കലിനായി വധു വിനെ പന്തലിലേയ്ക്ക് ആനയിക്കുന്നു. വരന്റെ കുടുംബത്തിലെ വിവാഹിതയായ ഒരു സ്ത്രീയാണ് ചടങ്ങ് നടത്തുക. ഈ സ്ത്രീ അവിടെ സന്നിഹിതരായിട്ടുള്ളവരുടെ അനു വാദത്തോടെ ഈ വിവാഹത്തിന് സമ്മതമാണോ എന്ന് വധുവിനോടാരായുകയും ഒരു പുതുവസ്ത്രം ഉടുപ്പിക്കുകയും ചെയ്യുന്നു. ചിലർ ഇരുപത്തിയൊന്ന് സ്വർണ്ണനാണയം കൊണ്ട് നിർമ്മിച്ച ഒരു മാല വധുവിനെ അണിയിക്കും. രാത്രിയോടുകൂടി അവർ വരന്റെ ഗൃഹത്തിലേയ്ക്ക് യാത്രയാകും.

വീട്ടിൽ കൂടൽ വിവാഹത്തിന് ഒരു ദിവസത്തെ ആഘോഷമേയുള്ളൂ. ആഘോ ഷശേഷം ഏഴുദിവസം കഴിഞ്ഞു മാത്രമേ ദമ്പതികൾ വരന്റെ ഗൃഹത്തിലേയ്ക്ക് പ്രവേ

ശിക്കു. മുൻപറഞ്ഞ രണ്ടു വിവാഹ രീതികളും കൂടാതെ വച്ചിരിക്കൽ എന്ന അനൗദ്യോഗിക വിവാഹരീതിയും മുക്കുവർക്കിടയിൽ നിലനിന്നിരുന്നു. അതിനു പ്രത്യേകിച്ച് ആഘോഷങ്ങളൊന്നും ഉണ്ടാവില്ലെങ്കിലും മാതാപിതാക്കളുടെയും അരയന്റെയും അനുമതി ആവശ്യമാണ്. ഈ ചടങ്ങ് വിദരം കല്യാണം എന്ന പേരിലും അറിയപ്പെട്ടിരുന്നു (Thurston, 1993 : 113).

പ്രായപൂർത്തിയാകുന്നതിനുമുമ്പെ താലികെട്ടു കല്യാണം നടത്തുന്ന പതിവ് അരയസമുദായത്തിലും നിലനിന്നിരുന്നു. പെൺകുട്ടികൾ പ്രായമാകുന്നതിനു മുമ്പ് നടത്തുന്ന ഈ ചടങ്ങിന് പന്തൽ കിഴിക്കൽ എന്ന പേരാണ് തേഴ്സ്റ്റൺ പറഞ്ഞുകാണുന്നത്. ആഘോഷത്തിന്റെ തലേരാത്രി പെൺകുട്ടി മഞ്ഞൾപ്പൊടിയും എണ്ണയും ചേർന്ന മിശ്രിതം ശരീരത്തിൽ തേച്ചുപിടിപ്പിക്കുന്നു. പുലർവേളയിൽ മറ്റു ഗോത്രത്തിലെ പെൺകുട്ടികൾ ചേർന്ന് അവളെ കുളിപ്പിക്കുന്നു. അതിനായി വീട്ടുമുറ്റത്ത് പ്രത്യേക പന്തൽ നിർമ്മിക്കും. കുളിക്കുശേഷം ക്ഷുരകസ്ത്രീ കടൽജലം തളിക്കുകയും ഒരു വസ്ത്രം പുതപ്പിച്ച് വീട്ടിനുള്ളിലേയ്ക്ക് ആനയിക്കുകയും ചെയ്യും. തുടർന്ന് താലികെട്ടുന്നു. വരനെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ വരന്റെ പെങ്ങളോ അല്ലെങ്കിൽ ഇതരഗോത്രത്തിലെ ഏതെങ്കിലും ഒരുസ്ത്രീയോ ആയിരിക്കും പെൺകുട്ടിയെ താലി അണിയിക്കുന്നത്. ആഘോഷം കഴിയുന്നതുവരെ അവൾ ഉപവസിക്കുകയും തുടർന്ന് ഏഴു ദിവസങ്ങൾ വീട്ടിനുള്ളിൽതന്നെ കഴിയുകയും വേണം. ആഘോഷത്തിൽ പങ്കെടുക്കുന്ന എല്ലാ കുടുംബക്കാരും രണ്ടു വെള്ളിനാണയങ്ങൾ വീതം പെൺകുട്ടിക്ക് സമ്മാനമായി നൽകുന്നു. ആഘോഷത്തിൽ സന്നിഹിതനാകുന്ന അരയന് രണ്ടു വെള്ളിനാണയങ്ങൾ , ഒരുകെട്ട് വെറ്റില, പുകയില, പാക്ക് എന്നിവ നൽകണം (Thurston, 1993 : 112 - 113).

പെൺകുട്ടി ആദ്യമായി ഋതുവാകുമ്പോൾ തിരണ്ടു കല്യാണം നടത്തുന്ന പതിവും അരയസമുദായത്തിൽ നിലനിന്നിരുന്നു. പെൺകുട്ടി ഋതുവായാൽ അവളെ പതിനൊന്ന് ദിവസം മറ്റുള്ളവരിൽ നിന്നകറ്റി പ്രത്യേകമുറിയിൽ താമസിപ്പിക്കുന്നു. ഒന്ന, നാല്, ഏഴ്, പതിനൊന്ന് എന്നീ ദിവസങ്ങളിൽ ആചാരപ്രകാരം കുളിപ്പിക്കുകയും പതിനൊന്നാംദിവസം ആഘോഷങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിവാഹശേഷമാണ് പെൺകുട്ടി ഋതുവാകുന്നതെങ്കിൽ  അതുമായി ബന്ധപ്പെട്ട എല്ലാ ചട

ങ്ങുകളുടെയും ചിലവ് വഹിക്കേണ്ടത് പെൺകുട്ടിയുടെ ഭർത്താവാണ് (Ananthakrishna Iyer, 1981 : 262 - 263).

**2.5.4. ഗർഭകാലാചാരം**

സ്ത്രീ ഗർഭിണിയായാൽ അതുമായി ബന്ധപ്പെട്ട് ചില ആചാരങ്ങൾ നടത്തിയിരുന്നു. അത് തേഴ്സ്റ്റൺ വിവരിക്കുന്നുണ്ട്. യുവതി ഗർഭിണിയായാൽ അഞ്ചാം മാസത്തിലോ ഏഴാം മാസത്തിലോ പുളികുടി അല്ലെങ്കിൽ നെയ്ക്കുടി എന്ന ചടങ്ങ് നടത്തും. നല്ല ഉണങ്ങിയ തേങ്ങ പൊട്ടിച്ച് തീയ്ക്ക് മീതെവെച്ച് ചൂടാക്കുന്നു. അപ്പോൾ അതിൽ നിന്നും ഉരുകിയൊലിക്കുന്ന എണ്ണയെടുത്ത് അഞ്ച് അല്ലെങ്കിൽ ഏഴ് സ്ത്രീകൾ ചേർന്ന് ഗർഭിണിയുടെ നാക്കിലും വയറ്റിലും പുരട്ടുന്നതാണ് ചടങ്ങ്. ക്ഷുരക സ്ത്രീയുടെ സാന്നിദ്ധ്യം ഈ ചടങ്ങിൽ അനിവാര്യമാണ്. ഗർഭിണിയുടെ ഭർത്താവ് ഈ കാലയളവിൽ മുടിനീട്ടി വളർത്തുകയും പ്രസവശേഷം മൂന്നാംദിനം മുടി മുറിച്ചുകളയുകയും ചെയ്യണം. പ്രസവവേളയിൽ അയാൾ ഇരിക്കുന്നതിനു സമീപത്തായി പാക്ക്, വെറ്റില, തേങ്ങ എന്നിവ വയ്ക്കുകയും പ്രസവാനന്തരം അയാളുടെ ഗോത്രത്തിലുൾപ്പെടുന്ന ഒരു വ്യക്തി ഈ തേങ്ങ എറിഞ്ഞുടയ്ക്കുന്നു. തുടർന്ന് അയാളുടെ വീടും പരിസരവും പ്രദേശത്തെ അമ്പലവും ക്ഷുരകസ്ത്രീ കടൽജലം തളിച്ച് ശുദ്ധമാക്കുന്നു (Thurston, 1993 : 115).

**2.5.5. മരണാനന്തര കർമ്മം**

അരയവിഭാഗങ്ങളുടെ മരണാനന്തര കർമ്മങ്ങളിലും പ്രാദേശിക വ്യത്യാസം പ്രകടമാണ്. മൃതദേഹം കുഴിച്ചിടുകയാണ് ചെയ്യുന്നതെന്ന് തേഴ്സ്റ്റൺ അഭിപ്രായപ്പെടുന്നു. അനുബന്ധ ചടങ്ങുകൾ അദ്ദേഹം വിവരിക്കുന്നുണ്ട്. മരണം സംഭവിച്ചാലുടനെ ശവശരീരത്തിൽ നിന്ന് ആഭരണങ്ങൾ നീക്കം ചെയ്യുകയും കുളിപ്പിച്ച് അലങ്കരിച്ച് കിടത്തുകയും ചെയ്യും. പുരുഷനാണ് മരണപ്പെട്ടതെങ്കിൽ അവന്റെ വിധവ തലയിലൂടെ വസ്ത്രം പുതച്ചുവന്ന് താലിപൊട്ടിച്ച് മൃതദേഹത്തിന് സമീപം വയ്ക്കുന്നു. ചിലപ്പോൾ ക്ഷുരകസ്ത്രീയാണ് ഈ കർമ്മം ചെയ്യുന്നത്. കടവൻ കുടുംബങ്ങളിലേ നാലോ

അഞ്ചോ സ്ത്രീകൾ ഈ കർമ്മത്തിൽ പങ്കാളികളാകണം. ശവം കുഴിച്ചിടുന്ന സ്ഥല ത്തേയ്ക്ക് എടുത്തുകൊണ്ടുവരുന്നത് മകനും മറ്റ് രക്തബന്ധമുള്ളവരും ചേർന്നാണ്. തുടർന്ന് കടലിലിറങ്ങി കുളിക്കുകയും മൃതദേഹത്തെ മൂന്നുരു പ്രദക്ഷിണം വച്ച് ശവ ത്തിന്റെ മൂക്കിൽ അല്പം സ്വർണ്ണവും അരിയും പൂവും നിക്ഷേപിക്കുകയും കുഴിച്ചിടു കയും ചെയ്യുന്നു. വീണ്ടും അവർ കടലിൽ മുങ്ങുകയും ശവം അടക്കിയ സ്ഥലത്ത് മൂന്നുതവണ പ്രദക്ഷിണം ചെയ്യുകയും വേണം. തുടർന്ന് മകൻ ജലം നിറച്ച ഒരു മൺകുടം തലയിൽ ചുമന്ന് മൂന്നുരു ചുറ്റുകയും പ്രാർത്ഥനയോടെ എറിഞ്ഞുടയ്ക്കു കയും ചെയ്യുന്നു. അനന്തരം വീട്ടിലെത്തുന്ന മകനെയും കൂട്ടരേയും ക്ഷുരകസ്ത്രീ കടൽജലം തളിച്ച് ശുദ്ധിവരുത്തുന്നു. ചടങ്ങിന് ശേഷം തുടർന്ന് ഏഴുദിവസം പുല ആചരിക്കും. എട്ടാംദിവസം അല്ലെങ്കിൽ പതിനാലാം ദിവസം മരണാനന്തര കർമ്മങ്ങൾ ചെയ്യുന്നു. ഈ കാലത്ത് മകൻ ഉപ്പും മഞ്ഞളും വർജ്ജിക്കണം. അതുപോലെ ആറുമാ സമോ ഒരുവർഷമോ താടിയും മുടിയും വടിക്കാതെ ദീക്ഷ ആചരിക്കുകയും വേണം. ദീക്ഷ അവസാനിക്കുന്ന ദിനം മുടിമുറിച്ച് ഒരു വാഴയിലയിൽ വയ്ക്കുകയും അത് അരിയോടൊപ്പം ഒരു ചെറുകുടത്തിൽ അടച്ച് കടലിലേയ്ക്ക് എറിയുകയും ചെയ്യുന്നു. തുടർന്ന് കുളിച്ചതിനുശേഷം വീടിന്റെ തറയിൽ അരികൊണ്ട് മനുഷ്യരൂപം നിർമ്മിക്കു കയും അതിനു മുകളിലായി ഒരു പച്ചതുണി വിരിക്കുകയും ചെയ്യും. ഈ മനുഷ്യരൂപ ത്തിന്റെ അരികിൽ ഏഴോ ഒൻപതോ സ്ഥലങ്ങളിൽ അരികൂട്ടി വച്ചതിനുശേഷം അതി ന്മേൽ ദീപം തെളിയിക്കുന്നു. ഈ രൂപത്തെ മകൻ മൂന്നുതവണ പ്രദക്ഷിണം ചെയ്യു കയും നാലുദിക്കുകളിലേയ്ക്കും അരിയെറിയുകയും ചെയ്യുന്നതോടെ മരണാനന്തര കർമ്മങ്ങൾ അവസാനിക്കുന്നു (Thurston, 1993 : 116 - 117).

അനന്തകൃഷ്ണ അയ്യർ വിവരിക്കുന്ന മരണാനന്തര കർമ്മങ്ങളിൽ മുൻപറഞ്ഞ തിൽ നിന്ന് ചില വ്യത്യാസങ്ങൾ പ്രകടമാണ്. ശവം കുഴിച്ചിടുകയല്ലാതെ ദഹിപ്പിക്കാ റുണ്ടെന്ന് അദ്ദേഹം പറയുന്നു. ദഹിപ്പിക്കൽ ചിലവേറിയ പ്രക്രിയയായതിനാൽ സാമ്പ ത്തികമാകാം ഇതിനെ നിർണ്ണയിക്കുന്നത്. പതിനൊന്ന് ദിവസമാണ് ദുഃഖാചരണം. പന്ത്രണ്ടാംദിവസം പിതൃകർമ്മം ചെയ്യുകയും ബന്ധുമിത്രാദികൾക്ക് സദ്യ നടത്തുകയും ചെയ്യുന്നു (Ananthakrishna Iyer, 1981 : 263). വിവാഹം, മരണം തുടങ്ങിയ ജീവിതസ

ന്ദർഭവുമായി ബന്ധപ്പെട്ട് ചരിത്രത്തിൽ നിന്നും ലഭ്യമായ കാര്യങ്ങളാണ് മുകളിൽ വിവരിച്ചത്. ആലപ്പാട്ടരയരുടെ ആചാരങ്ങളോട് ഇവ സമാനത പുലർത്തുന്നുണ്ടെങ്കിലും ചില വ്യത്യസ്തതകൾ പ്രകടമാണെന്നു കാണാം. ജനനം മുതൽ മരണംവരെയുള്ള ജീവിതക്രമവുമായി ബന്ധപ്പെട്ട ആചാരങ്ങൾ നാലാമധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്(4.5 – കാണുക).

### 2.5.6. മതവിശ്വാസവും മതപരിവർത്തനവും

അരയവിഭാഗങ്ങളെല്ലാം തന്നെ പാരമ്പര്യമായി ഹിന്ദുമതത്തിൽ വിശ്വസിക്കുന്നവരാണ്. ഭഗവതി/ഭദ്രകാളിയാണ് അവരുടെ കുലദൈവം. ശിവൻ, വിഷ്ണു, സുബ്രഹ്മണ്യൻ, അയ്യപ്പൻ തുടങ്ങിയ ദൈവങ്ങളെയും അവർ ആരാധിക്കുന്നു. മണ്ഡലവിളക്ക്, ശിവരാത്രി, ഓണം, വിഷു തുടങ്ങിയ ഉത്സവങ്ങളും അവർക്ക് പ്രധാനമാണ് (Ananthakrishna Iyer, 1981 : 238 - 240).

അരയവിഭാഗങ്ങൾ വൻതോതിൽ ഇസ്ലാംമതത്തിലേക്കും ക്രിസ്തുമതത്തിലേയ്ക്കും പരിവർത്തനം നടത്തിയതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഏഴാം നൂറ്റാണ്ടിൽ ഒരു വലിയ വിഭാഗം മുക്കുവർ ഇസ്ലാംമതം സ്വീകരിക്കുകയുണ്ടായി (Mathur, 1979 : 133). ഇങ്ങനെ പരിവർത്തനം ചെയ്തവർ പുയ്യിസ്ലാം എന്നറിയപ്പെട്ടു. മാപ്പിളമാർ മുക്കുവസ്ത്രീകളുമായി സംബന്ധത്തിലേർപ്പെടുകയും അവർക്ക് വെള്ളിയാഴ്ച ആൺകുട്ടി ജനിക്കുകയും ചെയ്താൽ ആ കുട്ടിയെ മാപ്പിള സമുദായത്തിന് നൽകണം എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 1891 – ലെ മദ്രാസ് സെൻസസ് റിപ്പോർട്ടിൽ ഈ കാര്യം പരാമർശിക്കുന്നതായി തേഴ്സ്റ്റൺ അഭിപ്രായപ്പെടുന്നു (1993 : 111).

പോർട്ടുഗീസ് അധിനിവേശകാലത്താണ് ക്രിസ്തുമതത്തിലേയ്ക്ക് അരയർ പരിവർത്തനം ചെയ്തത്. 16–ാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്ക മിഷനറി ഫ്രാൻസിസ് സേവിയറുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണ് അരയർ കൂട്ടത്തോടെ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനിടയാക്കിയത്. പൊതുസമൂഹത്തിൽ അരയർക്ക് നേരിടേണ്ടി വന്ന അധഃസ്ഥിതത്വമാണ് കൂട്ടമതപരിവർത്തനത്തിന് ഇടനൽകിയത്. ഇങ്ങനെ മതം മാറിയവരാണ് ലത്തീൻ കത്തോലിക്കർ (Padmanabha Menon, 1993 :

463). ആലപ്പാട്ടരയർക്കിടയിലും മതപരിവർത്തനശ്രമങ്ങൾ നടന്നതായാണ് ആവേദകമൊഴിയിൽ നിന്ന് മനസ്സിലാക്കാനായത്. അവിടെയുള്ള ന്യൂനപക്ഷവിഭാഗമായ ലത്തീൻ കത്തോലിക്കരുടെ പൂർവ്വികർ മതംമാറിയവരാണെന്നു പറയുന്നു.

**2.5.7. സാമൂഹിക പദവിയും ദേശപ്രമാണികളും**

ജനവിഭാഗങ്ങളെ അഞ്ചായിതിരിച്ച് ചർച്ച ചെയ്യുന്ന ഇന്നസ് അരയരെ നാലാമത്തെ വിഭജനമായ പതിത ജാതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മുൻപ് സൂചിപ്പിച്ചു. ജാതിശ്രേണിയിൽ പതിത ജാതികളായ തിയ്യർക്കും വിശ്വകർമ്മജർക്കും പിന്നിലായാണ് അരയരെ സ്ഥാനപ്പെടുത്തിയിരിക്കുന്നത് (Innes, 1997 : 126).

രാജവാഴ്ചക്കാലത്ത് പ്രധാനികളായിരുന്ന ചില അരയപ്രമാണിമാരെക്കുറിച്ച് കേരള ചരിത്രത്തിൽ പറയുന്നുണ്ട്. ഓരോ ദേശത്തും അരയരുടെ മേൽ ആധിപത്യം പുലർത്തിയിരുന്ന സ്ഥാനികളാണ് അവർ.

> "മഹാരാജാക്കന്മാർമാരും മറ്റും പള്ളിയോടങ്ങളിൽ എഴുന്നള്ളുമ്പോൾ ഓടങ്ങൾ നയിക്കുന്നതിനുള്ള ആളുകളെ സംഘടിപ്പിക്കുന്നതിനും അവരുടെ മേൽനോട്ടം വഹിച്ച് അകമ്പടി സേവിക്കുന്നതിനും ചില ദേശ പ്രമാണിമാരെ അധികാരപ്പെടുത്തിയിരുന്നു. ഇങ്ങനെ വലിയ അരയസ്ഥാനം ലഭിച്ച ചെമ്പിൽ, ആലപ്പുഴ, ചെമ്പകശ്ശേരി, തൃക്കുന്നപ്പുഴ, അഴീക്കൽ (കായംകുളം) മുതലായ സ്ഥലങ്ങളിലെ സ്ഥാനികൾ അടുത്ത ദേശങ്ങളിൽ ആധിപത്യം പുലർത്തി ഏതാണ്ട് സ്വേച്ഛാധിപതികളായി കഴിഞ്ഞിരുന്നു. തൃക്കുന്നപ്പുഴ വലിയരയൻ, ആലപ്പുഴ വലിയരയൻ എന്നിവർക്ക് കടലിൽ മത്സ്യം പിടിക്കുന്ന അരയന്മാരുടെ മേലും ചെമ്പിൽ വലിയരന് കായലിൽ മത്സ്യം പിടിക്കുന്ന വാലൻമാരുടെ മേലും ആയിരുന്നു ആധിപത്യം" (ഗോപാലകൃഷ്ണൻ, 1973 : 1292).

കേരളത്തിൽ രാജവാഴ്ച അവസാനിക്കുന്നതുവരെ അരയന്മാർക്കിടയിൽ സ്ഥാനികൾ നിലനിന്നിരുന്നു. തിരുവിതാംകൂറിലേതുപോലെ കൊച്ചിയിലും മലബാറിലും അരയപ്രമാണിമാരുണ്ടായിരുന്നതായി പറയുന്നുണ്ട്. കൊച്ചി രാജാക്കന്മാരുടെ അകമ്പടി സേവിച്ചിരുന്നവരാണ് കൊച്ചിയിലെ വലിയരയൻ. കൊച്ചിരാജാവ് തീപ്പെട്ടു കഴിഞ്ഞാൽ

പുതിയ രാജാവിന്റെ സ്ഥാനാരോഹണ വേളയിൽ ആദ്യമായി തിരുമുൽക്കാഴ്ച (ഉപ്പും കയറും) അർപ്പിക്കാനുള്ള അവകാശം നൽകപ്പെട്ടിരുന്നത് കൊച്ചിയിലെ വലിയ അരയനായിരുന്നു. കോഴിക്കോട് സാമൂതിരിയും അരയപ്രമാണിമാർക്ക് സ്ഥാനമാനങ്ങൾ നൽകിയിരുന്നതായി കാണാം. കോഴിക്കോടു നഗരത്തിൽ കുഞ്ഞിക്കളത്തിൽ എന്ന അരയകുടുംബത്തിന് പത്തേമാരികളും പണ്ടകശാലകളുമുണ്ടായിരുന്നു. അവർ വിദേശവ്യാപാരത്തിലും ഏർപ്പെട്ടിരുന്നു(ജോർജ്ജ്, 1994 : 157).

അരയരുടെ നാവികപാരമ്പര്യത്തെക്കുറിച്ചുള്ള സൂചനകളും ചരിത്രത്തിൽ നിന്ന് ലഭിക്കുന്നു. കേരളത്തിലെ നാവികപ്പട പല നൂറ്റാണ്ടുകളോളം ഇവിടുത്തെ ധീവരസമുദായങ്ങളെ ആശ്രയിച്ചാണ് നിലനിന്നുപോന്നത്. തിരുവിതാംകൂർ രാജാവിന്റെ നാവികപ്പടയുടെ നായകനായിരുന്നു ചെമ്പിൽ അനന്തപത്മനാഭൻ വലിയ അരയൻ. കൊച്ചി വലിയ അരയനായിരുന്നു കൊച്ചി രാജാവിന്റെ നാവിക സേനാമേധാവി. കുഞ്ഞാലിമരയ്ക്കാറിനു മുമ്പ് സാമൂതിരിയുടെ നാവികപ്പടയുടെ നായകത്വം വഹിച്ചിരുന്നത് ഒരു അരയനായിരുന്നു. കാലാൾപ്പടയിലും അരയന്മാരുടെ സേവനം പ്രസ്താവമർഹിക്കുന്നു. അമ്പലപ്പുഴ രാജാവിന്റെ കാലാൾപ്പടയിൽ ഒട്ടുമുക്കാലും അരയന്മാരായിരുന്നു. തിരുവിതാംകൂറിലേയും ദേശിങ്ങനാട്ടിലെയും കരസേനയിൽ അരയന്മാരായിരുന്നു ഏറ്റവും അധികം. ആറ്റിങ്ങൽ റാണിയുടെ സേനാനായകനായിരുന്ന വീരമാർത്താണ്ഡൻ ഒരു അരയനായിരുന്നു (ജോർജ്ജ്, 1994 : 157). ഇത്തരത്തിൽ ദേശപ്രധാനികളായിരുന്ന അരയന്മാർ ചരിത്രത്തിന്റെ ഭാഗമായി നിലനിൽക്കുന്നു.

### 2.6. അരയരും കേരള ബ്രാഹ്മണരും

കേരളത്തിലെ ബ്രാഹ്മണോൽപ്പത്തി കഥയിൽ കടന്നുവരുന്ന അരയ സാന്നിധ്യത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കേരളോൽപ്പത്തി സംബന്ധിച്ച പരശുരാമകഥയിൽ മുക്കുവരിൽ നിന്നാണ് ബ്രാഹ്മണരുണ്ടായതെന്ന് പറഞ്ഞുകാണുന്നു. ചട്ടമ്പിസ്വാമികൾ *പ്രാചീനമലയാളം* എന്ന കൃതിയിൽ ഇത് അവതരിപ്പിക്കുന്നുണ്ട് (2001 : 18 – 20). *സ്കന്ദപുരാണം* സഹ്യാദ്രിഖണ്ഡത്തിലാണ് ഈ കഥ പറഞ്ഞിരിക്കുന്നത്. പരശുരാമൻ ഇരുപത്തിയൊന്നുതവണ ക്ഷത്രിയരെ നിഗ്രഹിച്ച ശേഷം ഭൂമി ബ്രാഹ

ണർക്ക് ദാനം ചെയ്തു. അതിനുശേഷം സ്വവാസത്തിനായി വൈതരണി നദിക്ക് തെക്ക് സുബ്രഹ്മണ്യത്തിന് വടക്ക് സഹ്യപർവ്വതം മുതൽ കടൽ വരെ മുറത്തിന്റെ ആകൃതിയിൽ നൂറുയോജന നീളത്തിൽ മൂന്നു യോജന വീതിയിൽ പുതിയ ഭൂമി സൃഷ്ടിച്ചെടുത്തു. യാഗം, ശ്രാദ്ധം തുടങ്ങിയ കർമ്മങ്ങൾക്കായി ഈ പ്രദേശത്തേയ്ക്ക് ബ്രാഹ്മണരെ ക്ഷണിച്ചെങ്കിലും ആരും വരായ്കയാൽ അതിൽ കോപിച്ച് പുതിയ ഭൂമിയിൽ പുതിയ ബ്രാഹ്മണരെ സൃഷ്ടിക്കാൻ തീരുമാനിച്ചു. രാവിലെ സമുദ്രസ്നാനത്തിന് ചെന്നപ്പോൾ ചില മുക്കുവന്മാരെ കണ്ട് തൃപ്തനായി അവരുടെ ചൂണ്ടൽ ചരട് മുറിച്ച് പൂണൂലാക്കി ധരിപ്പിച്ച് ബ്രാഹ്മണ്യം നൽകി. അങ്ങനെയാണ് കേരള ഭൂമിയിൽ ബ്രാഹ്മണർ ഉദയം ചെയ്തത്.

കേരളത്തിലെ ജാതികളെക്കുറിച്ചു പഠിച്ചിട്ടുള്ള ചരിത്രകാരന്മാർ പൊതുവേ പരശുരാമകഥയിലെ മുക്കുവഘടകത്തെ അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. ബ്രാഹ്മണവൽക്കരിക്കപ്പെട്ട മുക്കുവരാണ് നമ്പൂതിരിമാർ എന്ന സർ വില്യം ഹണ്ടറുടെ അഭിപ്രായത്തെ രേഖപ്പെടുത്തുന്ന അനന്തകൃഷ്ണ അയ്യർ അത് അവരെ അപകീർത്തിപ്പെടുത്തുന്നതിനുള്ള ശ്രമം മാത്രമായാണ് നിരീക്ഷിക്കുന്നത് (1981 : 170).

ശ്രീനാരായണഗുരുവിന്റെ ജീവചരിത്രം രചിച്ച പണ്ഡിറ്റ് കെ.കെ.പണിക്കർ ഈഴവ അരയ ജനവിഭാഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന വേളയിൽ ബ്രാഹ്മണോൽപ്പത്തി സൂചിപ്പിക്കുന്നുണ്ട്.

> “ക്ഷാത്രധർമ്മം സ്വീകരിച്ച ബ്രാഹ്മണനായ പരശുരാമൻ ഒരു കൂട്ടം ആര്യബ്രാഹ്മണന്മാരുമായിട്ടാണല്ലോ കേരളത്തിലെത്തിയത്. അത് ക്രിസ്തുവിന് മുമ്പുള്ള മൂന്നും നാലും നൂറ്റാണ്ടിനിടയ്ക്കായിരിക്കാമെന്ന് ചരിത്രകാരന്മർ ബലമായി അഭിപ്രായപ്പെടുന്നു. അക്കാലത്ത് – പരശുരാമന്റെ വരവുകാലത്ത് അരയന്മാർ കേരളത്തിലുണ്ടായിരുന്നതായി തെളിവുണ്ട്
>
> അബ്രാഹ്മണ്യേ തദാദേശ
> കൈവർത്താൻ പ്രേക്ഷ്യഭാർഗ്ഗവ :
> ഛിത്വാബഡിശം കണ്ഠേ
> യജ്ഞസൂത്രമകല്പയേത് – *സഹ്യാദ്രിഖണ്ഡം*

അർത്ഥം - ബ്രാഹ്മണത്വമില്ലാത്ത ആ ദേശത്ത് (കേരളത്തിൽ) പരശുരാമൻ കൈവർത്തന്മാരെ - അരയന്മാരെ-കണ്ടിട്ട് ചൂണ്ടൽ പൊട്ടിച്ച് അതിന്റെ ചരട് പൂണൂലാക്കി അവരുടെ കഴുത്തിലിട്ടു. ഇങ്ങനെ പരശുരാമൻ പൂണൂലുടുവിച്ച അരയന്മാരാണ് ചിത്പാവനബ്രാഹ്മണരെന്നറിയപ്പെടുന്നവർ..........ഇവർ മാധ്വബ്രാഹ്മണരാണെന്നും ഒരു പക്ഷമുണ്ട്. ഏതായാലും ആര്യന്മാരുടെ വരവിനു മുൻപും കേരളത്തിൽ അരയന്മാരുണ്ടായിരുന്നുവെന്ന് ഇവിടെ വ്യക്തമായി'' (2007 : 47 – 48).

ദളിത് ബന്ധു എൻ.കെ. ജോസും ഇതേ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ട്.

"ഇവിടെ ബ്രാഹ്മണർ എന്നു പറയപ്പെടുന്നവരിലെ ബഹുഭൂരിഭാഗവും പുറത്തുനിന്നു കുടിയേറിയവരല്ല; അവർ വളരെ കുറച്ചു മാത്രം. ബാക്കി മുഴുവനും ബ്രാഹ്മണരാക്കപ്പെട്ട തദ്ദേശീയരാണ്. പരശുരാമ ഐതിഹ്യത്തിൽ തന്നെ പറയുന്നത് ബ്രാഹ്മണർ പോരാതെ വന്നപ്പോൾ ചൂണ്ടയിട്ടുകൊണ്ടിരുന്ന മുക്കുവരെ പിടിച്ച് അവരുടെ ചൂണ്ട പൊട്ടിച്ചുകളഞ്ഞ് ആ ചരട് പൂണൂലാക്കി അവർക്ക് ബ്രാഹ്മണ്യം കൊടുത്തു എന്നാണല്ലോ. ബ്രാഹ്മണരാക്കാനും സ്വീകരിച്ചത് മുക്കുവരെയാണ് എന്നത് മുക്കുവർക്ക് അന്ന് സമൂഹത്തിലുണ്ടായിരുന്ന പ്രാധാന്യം വ്യക്തമാക്കുന്നതാണ്. ബ്രാഹ്മണരും ക്രിസ്ത്യാനികളും ഉരുത്തിരിഞ്ഞത് മുക്കുവരിൽ നിന്നാണ് എന്നതാണ് ഇന്ന് ചിലർ അവകാശപ്പെടുന്ന അവർ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ ആധാരമെന്നുവരാം. കേരളത്തിലെ അന്നത്തെ ഉന്നതഗോത്രക്കാരായ മുക്കുവരിൽ നിന്നാണ് തങ്ങളുണ്ടായത് എന്നത് ബ്രാഹ്മണർക്ക് അന്ന് അഭിമാനകരമായിരുന്നു. പരശുരാമ ഐതിഹ്യത്തിൽ അതുംകൂടി ചേർത്തത് അതുകൊണ്ടാണല്ലോ" (2004 : 103 – 104).

ഇന്ന് മാതാ അമൃതാനന്ദമയിയുടെ മാതാപിതാക്കൾ ബ്രാഹ്മണരായിരുന്നു എന്ന് അവരുടെ ജീവചരിത്രകാരനായ പ്രൊ.എം. കൃഷ്ണൻനായർ സ്ഥാപിക്കാൻ ശ്രമിക്കുന്നത് കാലം സങ്കല്പങ്ങളെ മറിച്ചിടുന്ന പ്രവണതയിൽ നിന്നാകാമെന്നും ദളിത് ബന്ധു അഭിപ്രായപ്പെടുന്നു.

‘കേരള ബ്രാഹ്മണരും പൂർവ്വ നിവാസി സിദ്ധാന്തവും’ എന്ന ലേഖനത്തിൽ ജയപ്രകാശ് മല്ലൈ മുക്കുവ – നമ്പൂതിരി ബന്ധത്തെ സയുക്തികം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. നമ്പൂതിരിയുടെ ഉത്ഭവം അതിന്റെ മുക്കുവഘടകത്തെ ഒഴിവാക്കിക്കൊണ്ടും പരശുരാമനിൽ അവരോധിച്ചുകൊണ്ടും ചർച്ച ചെയ്യുന്നത് ബുദ്ധി ശൂന്യമായിരിക്കുമെന്ന് അദ്ദേഹം പറയുന്നു. പരശുരാമകഥയിലെ മുക്കുവഘടകത്തെ തള്ളിക്കളയുന്ന വില്യം ലോഗൻ ( Malabar Manual) മലബാറിലും ഇതുപോലുള്ള ഒരു വിശ്വാസം നിലനിന്നിരുന്നതായി രേഖപ്പെടുത്തുന്നുണ്ട്. തൊഴ, കൊക്ക എന്നീ അർത്ഥം ലഭിക്കുന്ന ‘നമ്പി’നോട്, ‘തിരി’ എന്ന ജാതി – സ്ഥാന സൂചകപദം ചേർന്നാണ് നമ്പൂതിരി ഉണ്ടാവുന്നതെന്ന് മല്ലൈ പറയുന്നു.

> “തുഴയും കൊക്കയും കടലിനോടും മീൻപിടുത്തത്തോടും ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട് നമ്പൂതിരിയുടെ പൂർവ്വികർ മുക്കുവരായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. ഇങ്ങനെയൊരു ധാരണ പ്രബലമായിരുന്നതുകൊണ്ടാണ് കേരളത്തിലെ ബ്രാഹ്മണരെ മറ്റു പ്രദേശങ്ങളിലെ ബ്രാഹ്മണർ തങ്ങൾക്ക് സമാന്മാരായി ഗണിക്കാതിരുന്നത് എന്ന വസ്തുത കൊച്ചിൻ സെൻസസ് റിപ്പോർട്ടിൽ ശങ്കരയ്യരും തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ സുബ്രഹ്മണ്യയ്യരും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ‘കേരളത്തിൽ നാം ഓതിയിരുന്ന.... കൂട്ടർ’ എന്ന പഴയ നിർവ്വചനത്തെ ഇനി ഇങ്ങനെ പരിഷ്കരിക്കാം. ചൂണ്ടക്കയറിൽ നിന്ന് നമ്പ് ഊരിക്കളഞ്ഞ കൂട്ടർ അല്ലെങ്കിൽ തോണിയിലിരുന്ന് നമ്പ് തിരിച്ചിരുന്ന കൂട്ടർ” (2000 : 24).

നമ്പൂതിരിമാരുടെ വിനോദ കലയായ ചാത്തിരങ്കളി (പനേങ്കളി)യിലെ മീനും കടലും കടൽപ്പുറവും പരാമർശവിഷയമാകുന്ന ധാരാളം ഈരടികൾ ഉദാഹരിച്ചുകൊണ്ട് അവരുടെ പാരമ്പര്യത്തിന്റെ ഓർമ്മപ്പെടുത്തലായി മല്ലൈ അതിനെ വിലയിരുത്തുന്നു. യജുർവേദികളായ നമ്പൂതിരിമാരുടെ വിവാഹവേളയിലെ വധൂവരന്മാർ ഒരുമിച്ച് ഇല്ലകുളത്തിലിറങ്ങി മീൻപിടിക്കുന്ന ചടങ്ങും അവരുടെ ആദ്യകാല/പഴയ മുക്കുവ ബന്ധത്തെ സ്മരിക്കുന്നവയാണെന്ന് ലേഖകൻ പറയുന്നു. അവർക്കിടയിൽ നിലനിന്നിരുന്ന സമാനമായ ചില ജീവിതരീതികളും അവർ പൊതുവായി ഉപയോഗിക്കുന്ന

പത്തോളം സമാന ശബ്ദങ്ങളും മദ്രാസ് സെൻസസ് റിപ്പോർട്ടിൽ നിന്നു ശേഖരിച്ച മത്സ്യ നാമങ്ങളോടു സാദൃശ്യമുള്ള അമ്പതോളം ഇല്ലപേരുകളുമൊക്കെ നിരത്തിയാണ് മല്ലൈ നമ്പൂതിരിയുടെ മുക്കുവ ബന്ധത്തെ സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

ഇത്തരം മിത്തുകൾ ചരിത്രപരമായി ചാതുർവർണ്ണ്യത്തിന് പുറത്ത് അധഃസ്ഥിത രായി കഴിയുന്ന ദളിതരെ സവർണ്ണഹൈന്ദവ വ്യവസ്ഥയുടെ ഭാഗമാക്കി നില നിർത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നതായി ടി.ടി. ശ്രീകുമാർ അഭിപ്രായപ്പെടുന്നു ണ്ട് (2004 : 51). ഇതിനെ അംഗീകരിച്ചുകൊണ്ടാണ് ബ്രാഹ്മണോൽപ്പത്തിക്കഥയിലെ മുക്കുവബന്ധത്തെ ഇവിടെ ചർച്ചയ്ക്കെടുത്തത്. മുൻപറഞ്ഞ അഭിപ്രായങ്ങളെ സാധൂ കരിക്കുകയല്ല ലക്ഷ്യം. മറിച്ച് ഇത്തരത്തിൽ ചർച്ചകൾ നടന്നിട്ടുണ്ടെന്ന് പറയാനാണ് ശ്രമിച്ചത്. ചരിത്രപരമായി കൃത്യത അവകാശപ്പെടാൻ കഴിയാത്തവയാണ് ജാതികളുടെ ഉൽപ്പത്തി, പരിണാമം തുടങ്ങിയവ. അതിനാൽ അവയെക്കുറിച്ച് ഏകാഭിപ്രായം സ്വരൂപിക്കുക സാധ്യമല്ല. ചാതുർവർണ്യവ്യവസ്ഥയ്ക്ക് പുറത്ത് ജാതീയമായ അവശ തയനുഭവിച്ചിരുന്ന അരയവിഭാഗങ്ങളെ സവർണ്ണഹൈന്ദവതയോടു ചേർത്തുനിർത്തു ന്നതിന് ബ്രാഹ്മണോൽപ്പത്തി കഥ ഉപകാരപ്പെട്ടു എന്നു വേണം മനസ്സിലാക്കാൻ. അതു കൊണ്ടാണ് വാമൊഴിപാഠങ്ങളിൽ അവർ ആര്യരാണ്(പാഠം - 9), ബ്രാഹ്മണരാണ്(പാഠം - 15, 33) എന്ന ബോധം കടന്നുവരുന്നത്. ഒപ്പം തന്നെ അബോധത്തിൽ ജാതിശ്രേണി യിൽ താഴെയാണെന്ന ചിന്തയും പ്രകടമാക്കുന്നു. ഹീനജാതി/ഉൽകൃഷ്ടജാതി എന്ന ദ്വന്ദ്വവും(പാഠം - 39). ബ്രാഹ്മണർക്ക് നാറ്റം കേക്കുന്നു, നമ്മളെ അവഞ്ഞയായിരു ന്നു(പാഠം - 20) എന്നീ പ്രയോഗങ്ങളും അതിന്റെ സൂചകമായി കാണാവുന്നതാണ്.

ലഭ്യമായ ഉപാദാനങ്ങളിലൂടെ അരയരെ ചരിത്രത്തിൽ നിന്നും കണ്ടെടുക്കാനാണ് ഇവിടെ ശ്രമിച്ചത്. അതിനുള്ള ശ്രമത്തിൽ ആദ്യം എത്തിച്ചേരുന്ന നിഗമനം ധീവരജാ തികളെന്ന് ഇന്ന് സംബോധന ചെയ്യുന്ന മറ്റു സമൂഹങ്ങളെ ഒഴിവാക്കിക്കൊണ്ട് അര യനു മാത്രമായി ഒരു പൂർവ്വചരിത്രം ലിഖിത രേഖകളിൽ നിന്ന് കണ്ടെത്താൻ കഴിയി ല്ല എന്ന വസ്തുതയാണ്. അരയനെക്കുറിച്ചുള്ള അന്വേഷണം മറ്റു സമാനജാതി കൾക്കും ബാധകമായ ഒരു ചരിത്രബോധത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. മാനവ ചരിത്രം കുടിയേറ്റങ്ങളുടെ ചരിത്രം കൂടിയാണ്. എവിടെനിന്നോ കുടിയേറി സിന്ധുന

ദീതടത്തിൽ പാർക്കുകയും അവിടെ തനതായ സംസ്കാരം പടുത്തുയർത്തുകയും ചെയ്ത ജനവിഭാഗങ്ങളിൽ മീനവർ, പരതവർ എന്നിങ്ങനെ അറിയപ്പെട്ടിരുന്നവർ ആര്യാധിനിവേശം പോലുള്ള സാഹചര്യസമ്മർദ്ദങ്ങളുടെ ഫലമായി ചിന്നിച്ചിതറി പലദേശങ്ങളിലേയ്ക്ക് പലായനം ചെയ്യുകയുണ്ടായി. അങ്ങനെ കേരളത്തിലെത്തിയവരുടെ പിൻതലമുറയാണ് അരയജനവിഭാഗങ്ങൾ എന്നു വിശ്വസിക്കപ്പെടുന്നു. മത്സ്യബന്ധനം പരമ്പരാഗത തൊഴിലായി സ്വീകരിച്ചുപോന്ന ഇവർക്ക് കുടിയേറ്റത്തിന്റെ ചരിത്രമാണ് പറയാനുള്ളതെങ്കിൽ ജലാശയങ്ങൾ നിറഞ്ഞ കേരളത്തിൽ ഇവരുടെ കുടിയേറ്റത്തിന് മുൻപ് മത്സ്യബന്ധനം നടന്നിരുന്നില്ലേ? അതു ചെയ്തിരുന്നവരാരാണ് ? എന്നീ ചോദ്യങ്ങൾക്ക് ഇവിടെ പ്രസക്തിയുണ്ട്.ഒരു കാലത്ത് മത്സ്യബന്ധനത്തോടൊപ്പം വിദേശവ്യാപാരങ്ങളിൽ ഏർപ്പെടുകയും രാജ്യരക്ഷയ്ക്കായി നാവികസേനയെ നയിക്കുകയും ചെയ്തിരുന്ന അവർ ആര്യയുക്തിയിൽ അയിത്തജാതിക്കാരായി പരിണമിച്ചു. ജാതീയമായ അവശതകളിൽ നിന്നും മോചിതരാവുന്നതിനായി ഇസ്ലാം മതത്തിലേയ്ക്കും ക്രിസ്തുമതത്തിലേയ്ക്കുമുള്ള കൂട്ടമതപരിവർത്തനം അവരുടെ അംഗസംഖ്യ ഗണ്യമായി കുറയ്ക്കുന്നതിന് നിമിത്തമായി.

20 – ാം നൂറ്റാണ്ടിലുണ്ടായ നവോത്ഥാന പരിശ്രമങ്ങൾ പൊതുവായി അരയ നാമം സ്വീകരിക്കുന്നതിനിടയാക്കി. പല അവാന്തരവിഭാഗങ്ങളായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറക്കിടക്കുന്ന അരയരുടെ പുരോഗതിക്കായി 1975 – ൽ അഖിലകേരള ധീവരസഭ എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. അതിന്റെ പ്രവർത്തനഫലമായി 1978 – ൽ ഈ ജനവിഭാഗങ്ങൾക്കെല്ലാം കൂടി ധീവരൻ എന്ന പൊതുനാമം സർക്കാർ അംഗീകരിക്കുകയും 1984 – ൽ അവരെ ഒ.ഇ.സി.[5] (Other Eligible Community) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും നൂറിന് ഒന്ന് എന്ന തോതിൽ തൊഴിൽ സംവരണം ഏർപ്പെടുത്തുകയും ചെയ്തു. അത് വിദ്യാസമ്പാദനത്തിനും അതുവഴി സമൂഹപുരോഗതിക്കും നിമിത്തമായിട്ടുണ്ട്. ഈ ജനസമൂഹത്തെക്കുറിച്ചുള്ള കേസരി ബാലകൃഷ്ണപിള്ളയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. “അകത്തോടകം അനുസ്യൂതമായ കടൽത്തീരവും നിരവധി ഉൾജലാശയങ്ങളുമുള്ള കേരളത്തിൽ മത്സ്യബന്ധനത്തൊഴിൽക്കാരായ ധീവരന്മാർ (അ

രയവാല സമൂഹം) മതപരിവർത്തനംകൊണ്ട് അവരുടെ അംഗസംഖ്യയിൽ ഗണ്യമായ കുറവു വന്നിട്ടു കൂടിയും സംഖ്യബലം കൊണ്ട് കേരളത്തിലെ പ്രധാന പിന്നോക്ക സമുദായങ്ങളിൽ ഒന്നാണ്. കടൽക്ഷോഭത്തെ കൂസാതെ നിത്യത്തൊഴിലാചരിച്ചുപോന്ന ദൃഢഗാത്രരായ ഈ സാഹസികന്മാരും കേരളസമൂഹത്തിന്റെ പിൻതളങ്ങളിൽ പുറം തള്ളപ്പെട്ടു കഴിഞ്ഞു. പ്രത്യേകം എടുത്തു പറയത്തക്ക അസ്തിത്വം ഇല്ലാത്ത, സമുദ്രയാനപാരമ്പര്യം ഉദ്ഘോഷിക്കുന്ന സാമൂതിരി വാഴ്ചയുടെ ചരിത്രത്തിൽ പോലും അവരില്ലെന്നുള്ളത് ജാതിധർമ്മത്തിന്റെ തരവും ഗതിയും എന്തെന്ന് സൂചിപ്പിക്കുന്നു"(2004 : 63).

**കുറിപ്പുകൾ**

1. 1. *അകനാനൂറ്, പത്തുപ്പാട്ട്, ചിലപ്പതികാരം, കലിംഗത്തുപ്പരണി, കുറുന്തൊക, പുറനാനൂറ്* തുടങ്ങിയ സംഘകാലകൃതികളിൽ നെയ്തൽ തിണവാസികളെക്കുറിച്ച് സമൃദ്ധമായ പരാമർശങ്ങളുണ്ട്.

ഉദാ: 1. നാള് വലൈ മുകന്ത കോള്വല് പരതവർ
നുണങ്കമണല് ആങ്കൺ ഉണങ് കപ്പെയ്മ്മാർ
പറികൊള് കൊളൈളയർ മറുക ഉക്ക
മീനാർ കുരുകിൻ കാനലമ് പെരുന്തുറൈ (വിശ്വനാഥൻ നായർ, 1983 : 532)

2. കുറിഞ്ചി പരതവർ പാട നെയ്തൽ
നറുമ്പൂങ് കണ്ണി കുറവർ ചൂടക്
കാനവർ മരുതം പാട വകവർ
നീ നിറ മുല്ലൈപ്പ ഹ്റിണൈനുവലക് (നാരായണൻകുട്ടി, 2000 : 74)

3. വാചികൊണ്ടരചർ വാരണങ്കവര
പാണകോവരൈവൻ വാൺമുകത്
തൂചികൊണ്ടുമുടികൊണ്ടചോഴനൊരു
ചൂഴിവേഴമിചൈ കൊള്ളവേ (നാരായണൻകുട്ടി, 1970 : 180)

4. കൂലങ്കുവിത്ത കൂലവീതിയും
കാഴിയർ കൂവിയർ കണ്ണൊടൈയാട്ടിയർ
മീൻവിലൈപ്പരതവർ വെള്ളുപ്പുപ്പകരുനർ

പാചവർ വാചവർ പൈന്നിണവിലൈഞരോ

ടോചുനർ ചെറിന്ത വൂൻമലിയിരുക്കൈയും (വിശ്വനാഥൻനായർ, 1997 : 104)

5. തെൻ പരതവർ മിടൽചായ

വടവടുകർ വാളോട്ടിയ

തൊടൈയമൈകണ്ണിത്തിരുവന്തുവേറ്റക്കൈക്

കടുമാകടൈ ഇയവിടു പരിവടിമ്പിൽ

നറ്റാർക്കളളിൻ പോഴൻ കോയിർ

പുതുപ്പിറൈയെന്ന പുതൈ ചെയ്മാടത്തുപ് (പരമേശ്വരൻപിള്ള, 1997 : 496)

2. 11 – ാം നൂറ്റാണ്ടിൽ ഉത്തരബംഗാളിൽ ഭരണം നടത്തിയിരുന്ന ഒരു രാജവംശമാണ് പാല രാജവംശം. ഈ രാജവംശത്തിന്റെ ക്ഷയത്തിനുശേഷം ദിവ്യൻ, രുദോകൻ, ഭീമൻ എന്നീ കൈവർത്ത രാജാക്കന്മാർ ഭരണാധികാരികളായി. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന *രാമചരിതം* എഴുതിയത് പാലരാജവംശത്തിലെ പ്രമുഖനായ രാമപാലന്റെ ആസ്ഥാനകവി സന്ധ്യാകരനന്ദിയാണ്. ഈ കൃതിയുടെ കയ്യെഴുത്തുപ്രതി 1897 – ൽ മഹോപാധ്യായ ഹരിപ്രസാദശാസ്ത്രി നേപ്പാളിൽ നിന്നും കണ്ടെടുക്കുകയും 1919 – ൽ ഏഷ്യാറ്റിക് സൊസൈറ്റി കൽക്കട്ടയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. പല ജാതിവിഭാഗങ്ങളുടെ ഉത്ഭവവുമായി ബന്ധപ്പെട്ടും ശിവമിത്തുകൾ പ്രചാരത്തിലുണ്ട്. ഉദാ:1. തിയ്യർ – ഒരിക്കൽ കരിവേഷം പൂണ്ട് കാമകേളികളിൽ ഏർപ്പെട്ട ശിവപാർവ്വതി മാരിൽ നിന്ന് രണ്ട് വൃക്ഷങ്ങൾ ഉയിർകൊണ്ടു. അവയിൽ ഒന്നിന്റെ ചുവട്ടിൽ നിന്ന് സുഗന്ധവാഹിയായ മധുവൂറുന്നതുകണ്ട് ശിവൻ അതുകുടിച്ച് മദോന്മത്തനായി. ഇതുകണ്ട പാർവ്വതി മധുവിനെ വൃക്ഷചുവട്ടിൽനിന്ന് മുകളിലേക്ക് മാറ്റി. ഇതിൽ രോഷംപൂണ്ട ശിവൻ, ജടാഗ്രം ചുഴറ്റിയടിച്ച് തുടയിൽനിന്നും ദിവ്യൻ എന്ന പുരുഷനെ സൃഷ്ടിക്കുകയും വൃക്ഷത്തിന്റെ മുകളിൽനിന്ന് മധുശേഖരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആ ദിവ്യനിൽനിന്നാണ് തിയ്യർ രൂപംകൊണ്ടതെന്ന് വിശ്വസിക്കുന്നു (ബാലൻ, 2010 : 98).

2. കരിമ്പാലർ – കൊട്ടിയൂർ ശിവക്ഷേത്രത്തിൽ പാലുകാച്ചിയിരുന്ന തീയ്യനെ ശിവൻ ഒരിക്കൽ മോഹിനിരൂപത്തിൽ വന്ന് പരീക്ഷിച്ചു. സ്ത്രീദർശനത്തിൽ മതിമറന്ന തീയ്യൻ പാലുകരിഞ്ഞതറിഞ്ഞില്ല. നീരാട്ടു കഴിഞ്ഞെത്തിയ ശിവന് ഈ കരിഞ്ഞ പാലാണ് കുടിയ്ക്കാൻ നൽകിയത്. ഇതിൽ കുപിതനായ അദ്ദേഹം നീയും നിന്റെ തലമുറയും കരിമ്പാലർ എന്നറിയപ്പെടട്ടെ എന്നു ശപിച്ചു (ജോസ്, 2010 : 112).

3. ശാലിയർ – മക്കളില്ലാതിരുന്ന ശല്യമഹർഷി തപസുചെയ്ത് ശിവനെ പ്രത്യക്ഷപ്പെടുത്തി.

മോക്ഷം പ്രാപിക്കണമെങ്കിൽ മക്കളുണ്ടാകണമെന്നും അതിനായി ഇരുകൈകളും മലർത്തിവച്ച് ധ്യാനനിരതനാവാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ ഇടതു കൈയ്യിൽനിന്നു പുരുഷനും വലതുകൈയിൽനിന്ന് സ്ത്രീയും ജനിച്ചു. അവരുടെ സന്തതിപരമ്പരയാണ് ശാലിയർ (നുജും, 2004 : 82).

4. കൊച്ചിരാജ്യത്ത് നിലവിലിരുന്ന വെള്ളിനാണയമാണ് പുത്തൻ. അഞ്ചുപൈസ ചേർന്നതാണ് ഒരു പുത്തൻ. ഇരുപതു പുത്തൻ ചേർന്നാൽ ഒരു ഉറുപ്പിക (നാണയം) / ഒരു രൂപയായി. ഇരുപത്തഞ്ചുപൈസ മൂല്യമുള്ള നാണയമാണ് ഒരണ.

5. അരയർ കേരളത്തിൽ ഒ.ഇ.സി. യാണെങ്കിലും കേന്ദ്രഗവൺമെന്റ് ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.